# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇട്ടിവ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കൊല്ലം.-691001**

**ഇ-മെയിൽ: doklm.ksad@kerala.gov.in**

**ഫോൺ : 0474-2740141**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA KLM P3/1553/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 10/03/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇട്ടിവ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P3/1553/21 തീയ്യതി: 10/03/2022

## കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സൈമൺ. കെ | ഡെപ്യൂട്ടി ഡയറക്ടർ | 12-07-2021 | 15-07-2021 |
| ശ്രീമതി. അമ്പിളി. എം. ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 16-07-2021 | 30-07-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2021 | 30-07-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. ജീ. സജികുമാർ, ഓഡീറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. എ. അരുൺ കുമാർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ജി. ജയകുമാരിഅമ്മ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. എസ്. ശ്രീകുമാർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ദിനേശ് കുമാർ | പ്രസിഡന്റ് | 01-04-2020 | 02-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് ഭരണം | സെക്രട്ടറി | 03-11-2020 | 29-12-2020 |
| ശ്രീമതി.അമൃത.സി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.റെജിമോൻ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.സീമ.ആർ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീമതി.മേഘ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീ.മനാസ് രാജ് | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീ.അനിൽകുമാർ ഡി | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ.അജി.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ഡോ.സീമി.ആർ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീമതി. ചിത്രകുമാരി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-10-2020 |
| ശ്രീമതി. മുബീന | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-11-2020 | 25-01-2021 |
| ശ്രീമതി. ഷൈബി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 26-01-2021 | 31-03-2021 |
| ശ്രീമതി. സബിത ബീഗം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 06-04-2020 |
| ശ്രീ. അജിത്. എസ്. | ജൂനിയർ സൂപ്രണ്ട് (അസിസ്റ്റന്റ് സെക്രട്ടറിയുടെ അധിക ചുമതല) | 07-04-2020 | 18-06-2020 |
| ശ്രീ. അനിൽകുമാർ. എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 19-06-2020 | 31-03-2021 |
| ഡോ.സുബാഷ് | വെറ്റിനറി സർജൻ | 01-04-2020 | 24-02-2021 |

| | | | |
|---|---|---|---|
| ഡോ.ബിനു.ബി എസ് | വെറ്റിനറി സർജൻ | 25-02-2021 | 31-03-2021 |
| ഡോ. മായ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീമതി. റീന. എ | അസിസ്റ്റന്റ് ഫീഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. റിയാസ്. എ. എം. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-05-2020 |
| ശ്രീ. മനോജ്. ബി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-06-2020 | 31-03-2021 |
| ശ്രീമതി. സുമി. ഐ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayakumari Amma G (Senior Grade Auditor, On 21-07-2021)<br>Last Updated By: Santhosh N (Computer Assistant, On 23-09-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Jayakumari Amma G (Senior Grade Auditor, On 21-07-2021)<br>Last Updated By: Santhosh N (Computer Assistant, On 23-09-2021) | 1-2 |
| 3 | വാർഷികകണക്കു പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 31-07-2021)<br>Last Updated By: Santhosh N (Computer Assistant, On 25-01-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jayakumari Amma G (Senior Grade Auditor, On 21-07-2021)<br>Last Updated By: Santhosh N (Computer Assistant, On 08-12-2021) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Jayakumari Amma G (Senior Grade Auditor, On 25-07-2021)<br>Last Updated By: Santhosh N (Computer Assistant, On 23-09-2021) | 1-4 |
| 6 | ലാപ്സായ തുക<br>Written By: Jayakumari Amma G (Senior Grade Auditor, On 31-07-2021)<br>Last Updated By: Santhosh N (Computer Assistant, On 23-09-2021) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: G.Sajikumar (Audit Officer (HG), On 29-07-2021)<br>Last Updated By: Santhosh N (Computer Assistant, On 23-09-2021) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Arun Kumar A (Asst. Audit Officer, On 28-07-2021)<br>Last Updated By: Santhosh N (Computer Assistant, On 28-09-2021) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 25-07-2021)<br>Last Updated By: Santhosh N (Computer Assistant, On 23-09-2021) | 1-7 |
| 10 | ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു.<br>Written By: Jayakumari Amma G (Senior Grade Auditor, On 30-07-2021)<br>Last Updated By: Santhosh N (Computer Assistant, On 08-12-2021) | 1-7-1 |
| 11 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചു.<br>Written By: Jayakumari Amma G (Senior Grade Auditor, On 30-07-2021)<br>Last Updated By: Santhosh N (Computer Assistant, On 23-09-2021) | 1-7-2 |
| 12 | ക്യാഷ് പരിശോധന<br>Written By: Jayakumari Amma G (Senior Grade Auditor, On 25-07-2021)<br>Last Updated By: Santhosh N (Computer Assistant, On 08-12-2021) | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)<br>Written By: Jayakumari Amma G (Senior Grade Auditor, On 25-07-2021)<br>Last Updated By: Santhosh N (Computer Assistant, On 16-10-2021) | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jayakumari Amma G (Senior Grade Auditor, On 25-07-2021)<br>Last Updated By: Santhosh N (Computer Assistant, On 24-09-2021) | 1-10 |
| 15 | KMSCL ൽ നിന്ന് മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല- അടിയന്തിര നടപടികൾ അനിവാര്യം<br>Written By: Arun Kumar A (Asst. Audit Officer, On 25-07-2021)<br>Last Updated By: Santhosh N (Computer Assistant, On 24-09-2021) | 1-11 |

| | | |
|---|---|---|
| 16 | ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - ഹോംകോയിൽ നിന്നും മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല.<br>Written By: Arun Kumar A (Asst. Audit Officer, On 25-07-2021)<br>Last Updated By: Santhosh N (Computer Assistant, On 28-09-2021) | 1-12 |
| 17 | ഗവൺമെന്റ് ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾപൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല<br>Written By: Arun Kumar A (Asst. Audit Officer, On 26-07-2021)<br>Last Updated By: Santhosh N (Computer Assistant, On 28-09-2021) | 1-13 |
| 18 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതി: പദ്ധതിപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാകണം.<br>Written By: Arun Kumar A (Asst. Audit Officer, On 26-07-2021)<br>Last Updated By: Santhosh N (Computer Assistant, On 25-01-2022) | 1-14 |
| 19 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - 19,59,696 /- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Jayakumari Amma G (Senior Grade Auditor, On 25-07-2021)<br>Last Updated By: Santhosh N (Computer Assistant, On 25-01-2022) | 1-15 |
| 20 | മഹാത്മാഗാന്ധി ഗ്രാമീണതൊഴിലുറപ്പ് പദ്ധതി -എഗ്രിമെന്റ് വച്ചിട്ടില്ല.<br>Written By: Arun Kumar A (Asst. Audit Officer, On 28-07-2021)<br>Last Updated By: Santhosh N (Computer Assistant, On 24-09-2021) | 1-16 |
| 21 | അധികമായി പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം തിരികെ കൊടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Arun Kumar A (Asst. Audit Officer, On 28-07-2021)<br>Last Updated By: Santhosh N (Computer Assistant, On 25-01-2022) | 1-17 |
| 22 | പാലിയേറ്റീവ് കെയർ അവലോകനം<br>Written By: Arun Kumar A (Asst. Audit Officer, On 31-07-2021)<br>Last Updated By: Santhosh N (Computer Assistant, On 03-02-2022) | 1-18 |
| 23 | ലൈഫ് ഭവന പദ്ധതി പണി പൂർത്തിയാക്കിയിട്ടില്ല<br>Written By: Arun Kumar A (Asst. Audit Officer, On 28-07-2021)<br>Last Updated By: Santhosh N (Computer Assistant, On 24-09-2021) | 1-19 |
| 24 | മേവറം കോളനി റോഡ്, ക്രമപ്രകാരമല്ലാതെ കരാറിലേർപ്പെട്ടു<br>Written By: G.Sajikumar (Audit Officer (HG), On 28-07-2021)<br>Last Updated By: Santhosh N (Computer Assistant, On 08-12-2021) | 1-20 |
| 25 | ടാറിംഗ് പ്രവൃത്തികളിൽ കാലിബാരൽ വില ഈടാക്കിയിട്ടില്ല, 31,724/-രൂപാ നിരാകരിക്കുന്നു.<br>Written By: G.Sajikumar (Audit Officer (HG), On 28-07-2021)<br>Last Updated By: Santhosh N (Computer Assistant, On 08-12-2021) | 1-21 |
| 26 | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 11,25,000/-രൂപാ തടസ്സപ്പെടുത്തുന്നു.<br>Written By: G.Sajikumar (Audit Officer (HG), On 28-07-2021)<br>Last Updated By: Santhosh N (Computer Assistant, On 25-09-2021) | 1-22 |
| 27 | വാട്ടർ അതോറിറ്റി വെള്ളക്കരം ഒടുക്കൽ (9/21), വെള്ളക്കരം ഇനത്തിൽ ഒടുക്കു വരുത്തിയ തുകകൾ കുറവു വരുത്താതെ ബില്ലുകൾ നൽകി വരുന്നു.<br>Written By: G.Sajikumar (Audit Officer (HG), On 28-07-2021)<br>Last Updated By: Santhosh N (Computer Assistant, On 08-12-2021) | 1-23 |
| 28 | തെറ്റായി ടെണ്ടർ കുറവ് വരുത്തി, 1,427/-രൂപാ അധികം ചെലവഴിച്ചു<br>Written By: G.Sajikumar (Audit Officer (HG), On 29-07-2021)<br>Last Updated By: Santhosh N (Computer Assistant, On 25-09-2021) | 1-24 |
| 29 | വട്ടത്രാമല അയിരൂർ റോഡിൽ കലുങ്ക് നിർമ്മാണം, ടെണ്ടർ | 1-25 |

| | | |
|---|---|---|
| | അംഗീകരിച്ചിട്ടും കരാർ വയ്കാതിരുന്ന കരാറുകാരന്റെ നിരതദ്രവ്യം കണ്ടുകെട്ടിയിട്ടില്ല.<br>Written By: G.Sajikumar (Audit Officer (HG), On 29-07-2021)<br>Last Updated By: Santhosh N (Computer Assistant, On 25-09-2021) | |
| 30 | ഇ ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല.<br>Written By: G.Sajikumar (Audit Officer (HG), On 29-07-2021)<br>Last Updated By: Santhosh N (Computer Assistant, On 25-09-2021) | 1-26 |
| 31 | വീട് മെയിന്റനൻസ് പൂർത്തിയാക്കിയിട്ടില്ല<br>Written By: Arun Kumar A (Asst. Audit Officer, On 29-07-2021)<br>Last Updated By: Santhosh N (Computer Assistant, On 25-01-2022) | 1-27 |
| 32 | സുഭിക്ഷകേരളം - പച്ചക്കറി കൃഷി - സബ്സിഡി മാർഗ്ഗരേഖ ലംഘിച്ച് തുക ചെലവഴിച്ചു - 5,17,111/-രൂപ<br>Written By: Jayakumari Amma G (Senior Grade Auditor, On 30-07-2021)<br>Last Updated By: Santhosh N (Computer Assistant, On 08-12-2021) | 1-28 |
| 33 | കടമുറിവാടകയിനത്തിൽ 1.8ലക്ഷം രൂപ കുടിശ്ശിക<br>Written By: Sreekumar.S (Auditor, On 30-07-2021)<br>Last Updated By: Santhosh N (Computer Assistant, On 25-09-2021) | 1-29 |
| 34 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sreekumar.S (Auditor, On 30-07-2021)<br>Last Updated By: Santhosh N (Computer Assistant, On 25-01-2022) | 1-30 |
| 35 | മഴക്കാലപൂർവ്വ ശുചീകരണം - ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു.<br>Written By: Jayakumari Amma G (Senior Grade Auditor, On 30-07-2021)<br>Last Updated By: Santhosh N (Computer Assistant, On 03-02-2022) | 1-31 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ടാറിംഗ് പ്രവൃത്തികളിൽ കാലിബാരൽ വില ഈടാക്കിയിട്ടില്ല,31,724/- രൂപാ നിരാകരിക്കുന്നു.<br>Written By: G.Sajikumar (Audit Officer (HG), On 30-07-2021)<br>Last Updated By: Santhosh N (Computer Assistant, On 08-12-2021) | 3-1 |
| 2 | തെറ്റായിടെണ്ടർ കുറവ് വരുത്തി, 1,427/- രൂപാ അധികം ചെലവഴിച്ചു<br>Written By: G.Sajikumar (Audit Officer (HG), On 30-07-2021)<br>Last Updated By: Santhosh N (Computer Assistant, On 08-12-2021) | 3-2 |
| 3 | സുഭിക്ഷകേരളം - പച്ചക്കറി കൃഷി - സബ്സിഡി മാർഗ്ഗരേഖ ലംഘിച്ച് തുക ചെലവഴിച്ചു - 5,17,111/-രൂപ<br>Written By: Santhosh N (Computer Assistant, On 16-10-2021)<br>Last Updated By: Santhosh N (Computer Assistant, On 16-10-2021) | 3-3 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jayakumari Amma G (Senior Grade Auditor, On 25-07-2021)<br>Last Updated By: Santhosh N (Computer Assistant, On 10-03-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayakumari Amma G (Senior Grade Auditor, On 25-07-2021)<br>Last Updated By: Santhosh N (Computer Assistant, On 25-09-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 25-07-2021)<br>Last Updated By: Santhosh N (Computer Assistant, On 25-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |

| | | |
|---|---|---|
| | Written By: Jayakumari Amma G (Senior Grade Auditor, On 25-07-2021)<br>Last Updated By: Santhosh N (Computer Assistant, On 25-01-2022) | |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jayakumari Amma G (Senior Grade Auditor, On 25-07-2021)<br>Last Updated By: Santhosh N (Computer Assistant, On 03-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jayakumari Amma G (Senior Grade Auditor, On 25-07-2021)<br>Last Updated By: Santhosh N (Computer Assistant, On 25-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sreekumar.S (Auditor, On 27-08-2021)<br>Last Updated By: Santhosh N (Computer Assistant, On 25-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jayakumari Amma G (Senior Grade Auditor, On 25-07-2021)<br>Last Updated By: Santhosh N (Computer Assistant, On 28-09-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jayakumari Amma G (Senior Grade Auditor, On 25-07-2021)<br>Last Updated By: Santhosh N (Computer Assistant, On 28-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayakumari Amma G (Senior Grade Auditor, On 25-07-2021)<br>Last Updated By: Santhosh N (Computer Assistant, On 03-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 31-07-2021)<br>Last Updated By: Santhosh N (Computer Assistant, On 21-03-2022) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

25.3.2020 തീയതിയിലെ 1(1) നം. തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2020 | 12.7.2021 | - | - |

### 1-2-1 വാർഷികകണക്ക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1. MGNREGS- ഭരണപരമായ കാര്യങ്ങൾക്കുള്ള ചെലവുതുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

   വാർഷിക ധനകാര്യ പത്രിക പ്രകാരം- 6,46,326/-രൂപ.

   രേഖകൾ പ്രകാരം-17,53,479/-രൂപ.

2. Recoveries Payable – ജീവനക്കാരുടെ NPS വിഹിതം മാത്രമാണ് B-9 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ളത്. സ്ഥാപനത്തിന്റെ വിഹിതം ബാധ്യതയായി ടി ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4. Property Tax-Residential & Non-Residential Buildings സഞ്ചയയും സാംഖ്യയുമായി പൊരുത്തപ്പെടുന്നില്ല.

5. ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് – മുന്നിരിപ്പ്, നീക്കിയിരുപ്പ് തുകകൾ വാർഷിക ധനകാര്യപത്രികയിലെ RP 40 (A), RP 40 (B) എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,86,57,221/-രൂപ |
| വരവ് | 13,01,20,600/-രൂപ |
| ആകെ | 15,87,77,821/-രൂപ |
| ചെലവ് | 12,67,33,602/-രൂപ |
| നീക്കിയിരിപ്പ് | 3,20,44,219/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 5,50,262/-രൂപ |
| തടസ്സപ്പെടുത്തിയ തുക | 33,99,696/-രൂപ |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | സി.ബി (₹) | ക്യൂ ബിൽ |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 2,20,64,530/- | 2,20,64,530/- | 2,15,30,490/- | 5,34,040/- | - |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 1,09,27,277/- | 1,09,27,277/- | 90,52,891/- | 18,74,386/- | - |
| വികസന ഫണ്ട്-ടി.എസ്.പി | - | | | | | - |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 90,45,000/- | 90,45,000/- | 84,76,487/- | 5,68,513/- | - |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 66,70,840/- | 66,70,840/- | 53,27,369/- | 13,43,471/- | - |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | - | 1,73,52,264/- | 1,73,52,264/- | 1,62,00,652/- | 11,51,612/- | - |
| ദുരിതാശ്വാസനിധി | 6,168/- | 1,02,536/- | 1,08,704/- | 59,044/- | 49,660/- | |
| എം.ജി.എൻ. ആർ.ഇ.ജി.എസ് - തൊഴിലാളികളുടെ കൂലി | - | 6,45,46,329/- | 6,45,46,329/- | 6,45,46,329/- | - | |
| എം.ജി.എൻ. ആർ.ഇ.ജി.എസ് - അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1,451/- | 17,59,570/- | 17,61,021/- | 17,53,479/- | 7,542/- | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ഐ.സി.ഡി.എസ്. | 11,72,588/- | 15,20,588/- | 26,93,176/- | 18,69,525/- | 8,23,651/- | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) LIFE | 24,000/- | 43,00,000/- | 43,24,000/- | 36,17,430/- | 7,06,570/- | |
| TSC | 0 | 37,45,916/- | 37,45,916/- | 6,35,894/- | 31,10,022/- | |

## 1-4-1 ലാപ്സായ തുക

| ഫണ്ടിനം | ലാപ്സായ തുക (രൂപ) |
|---|---|
| വികസനഫണ്ട് (ജനറൽ) | 5,34,040/- |
| വികസനഫണ്ട് (എസ്.സി.പി) | 18,74,386/- |
| വികസനഫണ്ട് (റ്റി.എസ്.പി) | - |
| ധനകാര്യകമ്മിഷൻഗ്രാന്റ് | 11,51,612/- |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 5,68,513/- |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 13,43,471/- |
| **ആകെ** | 54,72,022/- |

ലഭിച്ച ഗ്രാന്റ് തുകകളിൽ 54,72,022/-രൂപ ലാപ്സായി.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 314 | 17,44,67,120/- | 250 | 10,66,84,110/- | 15 | 49 | 79.6 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,451/- | 17,59,570/- | 17,61,021/- | 17,53,479/- | 7,542/- |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 6,45,46,329/- | 6,45,46,329/- | 6,45,46,329/- | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 94,320/- | 134 |
| കർഷകതൊഴിലാളി പെൻഷൻ | 77,89,900/- | 536 |
| വിധവാ പെൻഷൻ | 2,75,20,900/- | 1956 |
| വാർദ്ധക്യകാല പെൻഷൻ | 5,56,61,400/- | 4048 |
| വികലാംഗ പെൻഷൻ | 80,72,800/- | 538 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 5,40,000/- | 18 |
| 50 വയസ്സിനുമകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 6,62,900/- | 46 |

## 1-7-1 ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു.

ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. 2020-21 വർഷം മരണം രജിസ്റ്റർ ചെയ്തവരുടെയും പെൻഷൻ സസ്പെന്റ് ചെയ്തവരുടെയും ലിസ്റ്റിൽ നിന്നും ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐഡി നം. | മരിച്ച തീയതി | അനർഹമായ കാലയളവ് | വിതരണം ചെയ്ത തുക (₹) |
|---|---|---|---|---|---|---|
| 1 | അമീർക്കണ്ണ് | വാർദ്ധക്യകാല പെൻഷൻ | 10368021037 | 30.7.2020 | ജൂലൈ 2020 മുതൽ നവംബർ 2020 വരെ | 6,800/- |
| 2 | ഈശ്വരിയമ്മ | കർഷകത്തൊഴിലാളി പെൻഷൻ | 2220316337 | 16.9.2020 | സെപ്റ്റംബർ 2020 മുതൽ ജൂൺ 2021 വരെ | 14,900/- |
| 3 | സുബ്രഹ്മണ്യൻ | വാർദ്ധക്യകാല പെൻഷൻ | 103290201767 | 20.8.2020 | ആഗസ്റ്റ് 2020 മുതൽ നവംബർ 2020 വരെ | 5,600/- |
| 4 | സരസ്വതി | വിധവാ പെൻഷൻ | 103680600702 | 26.12.19 | ഡിസംബർ 2019 മുതൽ ജൂൺ 2021 വരെ | 26,200/- |
| 5 | സലാഹുദ്ദീൻ | വാർദ്ധക്യകാല പെൻഷൻ | 103680204534 | 5.10.2020 | ഒക്ടോബർ 2020 മുതൽ മെയ് 2021 വരെ | 11,900/- |
| | ആകെ | | | | | 65,400/- |

ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാരുടെ പേരിൽ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിരിക്കാനുള്ള സാധ്യതയുണ്ട്. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള

പെൻഷൻ വിതരണം ഒഴിവാക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്നത് അവർ താമസിക്കുന്ന തദ്ദേശ സ്ഥാപന പരിധിയിലല്ലെങ്കിൽ മരണ വിവരം യഥാസമയം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. പിന്നീട് സ്ഥാപനം മരണവിവരം അറിഞ്ഞു വരുമ്പോഴേക്കും നിരവധി മാസങ്ങളിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടാകും. മുമ്പ് ആധാർ അധിഷ്ഠിത മരണ രജിസ്ട്രേഷൻ പ്രാബല്യത്തിൽ ഉണ്ടായിരുന്നെങ്കിലും പഞ്ചായത്ത് ഡയറക്ടറുടെ 19-10-2019ലെ ബി 1/30277/2017 സർക്കുലർ പ്രകാരം ആയത് നിർബന്ധമല്ലാതാക്കിയിട്ടുണ്ട്. നിലവിൽ പ്രതിവർഷ മസ്റ്ററിംഗ് മാത്രമാണ് പെൻഷണറുടെ മരണം കണ്ടെത്താനുള്ള ഏക മാർഗ്ഗം. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർക്കെങ്കിലും ആധാർ അധിഷ്ഠിത മരണ സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതിലെ പ്രാധാന്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഗുണഭോക്താക്കളുടെ മരണശേഷം അക്കൗണ്ടിലേക്ക് അനുവദിച്ച പെൻഷൻ തുക 65,400/-രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നമ്പർ : 29/ 29-07-2021.**

## 1-7-2 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചു.

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിലും 2020-21 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചതിൽ ഗുണഭോക്താക്കൾക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചതായി കാണുന്നു. പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചിട്ടുണ്ടെങ്കിലും വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലെന്ന് ഡി.ബി.റ്റി വിവരങ്ങളിൽ പെൻഷണറുടെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അനർഹമായവരെ സഹകരണ ബാങ്കുകൾ യഥാസമയം ഒഴിവാക്കുകയോ ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളെ അറിയിക്കുകയോ ചെയ്യാത്തതിനാലാണ് ഈ സാഹചര്യം ഉണ്ടായിട്ടുള്ളത്. ധനകാര്യ വകുപ്പിന്റെ 5-11.20 ലെ സർക്കുലർ 67/20 പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അനർഹമായി അനുവദിച്ച തുക സഹകരണ ബാങ്കിൽ നിന്ന് സർക്കാരിലേക്ക് ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുടർനടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നമ്പർ : 29/ 29-07-2021.**

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.7.2021ന് 11.45am ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,386/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

1) ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

2) പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. എന്നാൽ ഔട്ട് ഡോർ കളക്ഷന് മാനവൽ രസീതുകളും ഉപയോഗിച്ചുവരുന്നു.

3) വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുന്നുണ്ട്.

4) ഡി & ഒ ലൈസൻസ് ഫീയുടെ കാര്യത്തിൽ വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല.

5) വൗച്ചറുകൾ, രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല.

6) സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം സംബന്ധിച്ച് ക്രമരഹിതമായ ധനമിടപാടുകൾ നടന്നുവരുന്നു. പെൻഷനർ മരണപ്പെട്ട ശേഷവും തുക വിതരണം ചെയ്യുകാണുന്നു. ബാങ്ക് മുഖേനയും അക്കൌണ്ടിലൂടെയും ഇത്തരത്തിൽ ക്രമരഹിതമായി പണം നൽകിയതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുന്നു.

7) വിവിധ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

8) പഞ്ചായത്തിൽ ആരംഭിച്ച സുഭിക്ഷം പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിയില്ല.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.11.2020 | 1/2020-3/2020 | വിവരങ്ങൾ ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.4.2017 മുതൽ 2.5.2017 വരെ | 2012-13 മുതൽ 2016-17 വരെ | 16.6.2017 |

**1-11 KMSCL ൽ നിന്ന് മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല- അടിയന്തിര നടപടികൾ അനിവാര്യം**

മെഡിക്കൽ ഓഫീസർ (പി.എച്ച് .സി.) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം തുക മുൻകൂറായി നൽകിയിട്ടും കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ ഫണ്ടിനം. | കെ.എം.എസ്.സി.എൽ -ന് നൽകിയ രൂപ/ ബിൽ നം., തീയതി. | ഇൻവോയിസ് നം./ തീയതി. | ലഭിച്ച മരുന്നുകൾ (രൂപ) |
|---|---|---|---|
| 50/19-20 ആകെ അടങ്കൽ- 4,00,000/-രൂപ മെയിന്റനൻസ് ഫണ്ട്(റോഡിതരം) ആകെ ചിലവ്- 4,00,000/-രൂപ | 3,00,000/- 19/23.10.2020, 1,00,000/- 20/23.10.20 | 30015/4.2.21 | 41,324/- |
| | | 2248/4.2.21 | 12,026/- |
| | | 30022/5.2.21 | 48,308/- |
| | | 30128/6.2.21 | 16,103/- |
| | | 30114/6.2.21 | 24,052/- |
| | | 2402/18.2.21 | 31,244/- |
| | | 43111/4.3.21 | 98,226/- |
| | | 44808/29.3.21 | 56,055/- |
| | | 1441/15.5.21 | 42,137/- |

**ആകെ ലഭിച്ച മരുന്നുകൾ – 369475/-രൂപ.**

**ആകെ ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾ – 30525/-രൂപ.**

ടി അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് കെ.എം.എസ്.സി.എല്ലിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിലറിയിക്കുന്നതാണെന്നും മറുപടി നൽകി.

മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയത് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി –13 /2021/22.7.2021.**

**<u>1-12 ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ – ഹോംകോയിൽ നിന്നും മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല.</u>**

ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ –

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം തുക മുൻകൂറായി നൽകിയിട്ടും ഹോംകോ യിൽ നിന്നും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. ഫണ്ടിനം. | ഹോംകോയ്ക്ക് നൽകിയ തുക | ആകെ ലഭിച്ച മരുന്നുകൾ | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾ |
|---|---|---|---|
| 19/21 ആകെ അടങ്കൽ 2,00,000/-രൂപ മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 2,00,000/-രൂപ ബിൽ.നം-1/13.8.20 | 1,02,276/-രൂപ (ഇൻവോയിസ്.നം.-എൽ.എഫ്-2263/26.2.21 | 97724/-രൂപ |
| 20/21 ആകെ അടങ്കൽ 1,00,000/-രൂപ മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 1,00,000/-രൂപ ബിൽ.നം-24.9.20 | - | 1,00,000/-രൂപ |

ടി അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഹോംകോയിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിലറിയിക്കുന്നതാണെന്നും മറുപടി നൽകി.

മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി –14 /2021, തീയതി-22.7.2021.**

**<u>1-13 ഗവൺമെന്റ് ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾപൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല</u>**

മെഡിക്കൽ ഓഫീസർ (ആയുർവേദം) മരുന്ന് വാങ്ങലിനായി ഏറ്റെടുത്ത പ്രോജക്ട് പ്രകാരമുള്ള മരുന്നുകൾപൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിവരം | പ്രോജക്ടിന്റെ വിവരങ്ങൾ | ഒടുക്കിയ തുക (രൂപ) | ലഭ്യമാക്കിയ മരുന്നുകളുടെ മൂല്യം (രൂപ) | ലഭ്യമാക്കാൻ ശേഷിക്കുന്ന മരുന്നുകളുടെ മൂല്യം (രൂപ) |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | നം. 35/21 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ, മെയിന്റനൻസ് ഫണ്ട് (റോഡിതരം) അടങ്കൽ-₹ 6,50,000/- ചിലവ്-₹ 6,50,000/- | 6,50,000/- ബിൽ നം. 1/20-21 തീയതി-17.8.21 ബിൽ നം. 2/20-21 തീയതി-17.8.21 ബിൽ നം. 6/20-21 തീയതി-26.2.21 | 6,25,729/- | 24,271/- (N.R.H.M- ആശുപത്രി, ചുണ്ട.) |
| | | | | 24,271/- |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന്, വിതരണം ചെയ്യാൻ ബാക്കിയുള്ള മരുന്ന് ലഭ്യമാക്കണമെന്നറിയിച്ച് ഔഷധിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി. അവശേഷിക്കുന്ന 24,271/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഓഡിറ്റ് അന്വേഷണം നം. 18/26.7.21**

**1-14 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി: പദ്ധതിപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാകണം.**

2020-21 വർഷത്തിൽ മഹാത്മാ ഗാന്ധി ദേശീയ തൊഴിൽ ഉറപ്പുപദ്ധതിയിൽ 902.97 ലക്ഷം രൂപ വകയിരുത്തി 238000 തൊഴിൽ ദിനങ്ങൾ ലക്ഷ്യമിട്ട് ആക്ഷൻ പ്ലാൻ അംഗീകരിച്ചിരിന്നു. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ, 212672 തൊഴിൽ ദിനങ്ങൾ മാത്രമാണ് സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് കാണുന്നു. (ലക്ഷ്യം വച്ചതിന്റെ 89.36%). 7,09,55,066/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് വകയിരുത്തിയ അടങ്കൽ തുകയുടെ 78.58% മാത്രമാണ്. ഇതിൽത്തന്നെ 6,43,29,465/-രൂപ തൊഴിലാളികളുടെ വേതനം ഇനത്തിലുള്ളതും, 66,25,601/-രൂപ സാധന സാമഗ്രികളുടെ വിലയിനത്തിലുള്ളതുമാണ്. (31.03.2021 വരെ ഫണ്ട് 'ട്രാൻസ്ഫർ ഓർഡർ ആയ തുക 7,09,55,066/-രൂപ).

പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി ഇനം | ആക്ഷൻ പ്ലാൻ പ്രകാരം ലക്ഷ്യമിട്ട എണ്ണം | നടപ്പിലാക്കാൻ കഴിഞ്ഞ എണ്ണം | നടപ്പിലാക്കിയതിന്റെ കണക്ക് (%) |
|---|---|---|---|---|
| 1 | മരം വച്ച് പിടിപ്പിക്കലും സംരക്ഷണവും. (കശുമാവ്) | 40 | 10 | 25 |
| 2 | മണ്ണ് – ജലസംരക്ഷണ പ്രവൃത്തികൾ | 673 | 312 | 46.36 |

| | | | | |
|---|---|---|---|---|
| 3 | പാരമ്പര്യ ജല സ്രോതസുകളുടെ നവീകരണം (കുളം നവീകരണം) | 22 | 1 | 4.55 |
| 4 | തോടുകളുടെ സംരക്ഷണം. | 61 | 22 | 36.07 |
| 5 | ഭവനനിർമാണ പ്രവർത്തികൾ. | 315 | 73 | 23.17 |
| 6 | വ്യക്തിഗത ആസ്തികൾ. | | | |
| | 1. കന്നുകാലി തൊഴുത്ത് | 315 | 35 | 11.11 |
| | 2. ആട്ടിൻ കൂട്. | 420 | 36 | 8.57 |
| | 3. കോഴിക്കൂട്. | 420 | 3 | 0.71 |
| | 4. കിണർ നിർമ്മാണം | 210 | 13 | 6.19 |
| | 5. കക്കൂസ് നിർമ്മാണം. | 21 | 1 | 4.76 |
| | 6. അസോള ടാങ്ക് | 210 | 1 | 0.48 |
| | 7. കമ്പോസ്റ്റ് പിറ്റ് | 750 | 3 | 0.4 |
| | 8. കുളം നിർമാണം. | 62 | 3 | 4.84 |
| | 9. സോക്ക് പിറ്റ് | 300 | 2 | 0.67 |

അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരമുള്ള പദ്ധതി നടത്തിപ്പിന്റെ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനാവശ്യമായ കൂടുതൽ കാര്യക്ഷമമായ നടപടികൾ ബന്ധപ്പെട്ട അധികൃതരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതുണ്ട്.

**1-15 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - 19,59,696 /-രൂപ തടസ്സപ്പെടുത്തുന്നു.**

2020-21 സാമ്പത്തിക വർഷം അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളിൽ വിവിധ കോളനികളിലെ കുടിവെള്ള പദ്ധതികൾക്കായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെക്കൊടുക്കുന്നു.

| പ്രോജക്റ്റ് നം/പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക (₹) | ബിൽ/ ചെക്ക് നമ്പർ |
|---|---|---|
| 217/21 - പ്രിയദർശിനി കോളനിയിലും ചെമ്പമൺ കോളനിയിലും കുടിവെള്ള പദ്ധതി | 6,61,197/-<br>6,98,499/- | 1/20-21/21.4.2020<br>2/20-21/21.4.2020 |
| 299/20 - വെളുന്തറ കോളനി വാട്ടർലൈൻ എക്സ്റ്റൻഷൻ | 6,00,000/- | 3/20-21/21.4.20 |
| ആകെ | 19,59,696/- | |

പൂർത്തീകരണ രേഖകൾ ഹാജരാക്കാത്തതിനാൽ 19,59,696/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 19/07/2021 ൽ 7-ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിക്കൊള്ളാം എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

**ഓഡിറ്റ് അന്വേഷണം നമ്പർ : 7, തീയതി : 19/07/2021.**

**1-16 മഹാത്മാഗാന്ധി ഗ്രാമീണതൊഴിലുറപ്പ് പദ്ധതി -എഗ്രിമെന്റ് വച്ചിട്ടില്ല.**

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യകൃഷി, മറ്റ് കൃഷി ആവശ്യങ്ങൾ എന്നിവയ്ക്ക് ഉപയോഗിക്കാനായി ലക്ഷ്യമിട്ടുകൊണ്ട് സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ കുളം നിർമ്മിച്ച നൽകിയിട്ടുണ്ട്. വാർഡ് 22 ൽ 2 കുളങ്ങൾ ഇപ്രകാരം നിർമ്മിച്ചിട്ടുണ്ട്. സർക്കുലർ നമ്പർ 14829/DD2/09/LSGD/02.03.09 പ്രകാരം പൊതുജനങ്ങൾക്ക് തടസ്സമില്ലാതെ ജലം ഉപയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്ത് ഗ്രാമപഞ്ചായത്ത് സ്ഥലം ഉടമയുമായി മുദ്ര പത്രത്തിൽ കരാർ വയ്ക്കണം. കരാർ ലംഘനമുണ്ടായാൽ ചെലവ് തുകയുടെ 12% പലിശ സഹിതം സ്ഥലമുടമ തിരിച്ചടയ്ക്കണമെന്ന് കരാറിൽ വ്യവസ്ഥ ചെയ്യണം. എന്നാൽ ടി കരാർ ഫയലിൽ ലഭ്യമല്ല. മേൽ വിഷയം സംബന്ധിച്ച നല്കിയ ആഡിറ്റ് എൻക്വയറി നമ്പർ തീയതി 16.07.2020ന് ഹാജരാക്കിയ മറുപടിയിൽ ടി ഗുണഭോക്താക്കളുമായി കരാർ വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുമായി കരാർ വച്ച് പൊതുജനങ്ങൾക്ക് തടസ്സമില്ലാതെ ജലം ഉപയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്ത് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

**ഓഡിറ്റ് അന്വേഷണം നമ്പർ : 20, തീയതി : 27/07/2021.**

**1-17 അധികമായി പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം തിരികെ കൊടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്**

പ്രോജക്ട്- 31/21 (20-21 വർഷം).

ആകെ അടങ്കൽ 7,56,000/-രൂപ.

(3,78,000/-രൂപ വികസന ഫണ്ട് ജനറൽ, 3,78,000/-രൂപ ഗുണഭോക്തൃ വിഹിതം.)

ബിൽ നം.-23 തീയതി 30.3.21.

63 ഗുണഭോക്താക്കൾക്ക് 50% സബ്സിഡിയിൽ 6 മുതൽ 8 മാസം വരെ പ്രായവും 12,000/-രൂപ വിലയുമുള്ള പോത്ത് കുട്ടികളെ വിതരണം ചെയ്യുന്നതായിരുന്ന പദ്ധതി. പ്രസ്തുത പദ്ധതി പ്രകാരം 12,000/-രൂപ വിലയുള്ള പോത്ത് കുട്ടികൾക്ക് 50% സബ്സിഡി ആണ് നൽകിയത്.

50% ഗുണഭോക്തൃ വിഹിതം ആയി ആകെ 63 ഗുണഭോക്താക്കളിൽനിന്ന് 3,78,000/-(63x6000) രൂപയാണ് പിരിക്കേണ്ടിയിരുന്നത്. എന്നാൽ ഔട്ട് ഡോർ കളക്ഷൻ രജിസ്റ്റർ പരിശോധിച്ചതിൽ 3,84,000/-രൂപ (64x6000) പിരിച്ചിട്ടുണ്ട്. 63 ഗുണഭോക്താക്കൾക്കായി പദ്ധതി വിഭാവനം ചെയ്തപ്പോൾ 64 പേരിൽ നിന്ന് ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിരിക്കുന്നു. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പ്രസ്തുത തുക അടച്ച ഗുണഭോക്താവിന് തിരികെ നൽകുന്നതിനായി പഞ്ചായത്തിൽ റിക്വിസിഷൻ നല്കിയിട്ടുണ്ടെന്ന് വെറ്റിനറി സർജൻ മറുപടി നൽകിയിട്ടുണ്ട്. അധികമായി പിരിച്ചെടുത്ത 6,000/ രൂപ തിരികെ കൊടുക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി. 10 – 22.07.21.**

**1-18 പാലിയേറ്റീവ് കെയർ അവലോകനം**

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന, ദീർഘകാല ചികിത്സയും പരിചരണവും ആവശ്യമായ രോഗികളെ കണ്ടെത്തി അവർക്ക് ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സാന്ത്വന പരിചരണ പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഇതിനായി സർക്കാർ ഒരു പാലിയേറ്റീവ് പരിചരണ നയം

(Pain And Palliative Care Policy Of Kerala) (സ.ഉ.(പി) നം. 109/2008/ആ.കു.ക്ഷേ.വ. തീയതി 15.04.2008) രൂപീകരിക്കുകയും ആയതിനായുള്ള മാർഗ്ഗരേഖ 2009-ൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. പാലിയേറ്റീവ് പരിചരണ പദ്ധതി നിർബന്ധിത പദ്ധതിയാക്കിക്കൊണ്ട് 2012-ലും വിദഗ്ദ പാലിയേറ്റീവ് പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തി 2015-ലും പ്രസ്തുത മാർഗ്ഗരേഖ പരിഷ്കരിക്കുകയുണ്ടായി. ഉയർന്ന ആയുർദൈർഘ്യം, ജീവിത ശൈലിയിൽ വന്ന മാറ്റങ്ങൾ എന്നിവ കാരണം ദീർഘകാല രോഗങ്ങളുടേയും മാറാരോഗങ്ങളുടേയും വാർദ്ധക്യ സഹജമായ രോഗങ്ങളുടേയും തോത് വർദ്ധിച്ചതിനാൽ മുൻ മാർഗ്ഗരേഖയിൽ കാലോചിത മാറ്റങ്ങൾ വരുത്തി 07-03-2019-ലെ സ.ഉ(സാധാ) നം. 553/2019/തസ്വഭവ പ്രകാരം ആയത് വീണ്ടും പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2020-21-ൽ ഇട്ടിവ ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നമ്പരും പേരും | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക വിനിയോഗം | | |
|---|---|---|---|---|
| | | ഫണ്ടിനം | അടങ്കൽ(₹) | ചെലവ് (₹) |
| 52/20-21 സാന്ത്വന ചികിത്സാ പദ്ധതി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | വികസന ഫണ്ട് -ജനറൽ | 6,00,000/- | 5,62,560/- |
| | | ആകെ | 6,00,000/- | 5,62,560/- |

വകയിരുത്തിയ തുകയുടെ 93.76% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

**1. പഞ്ചായത്ത്തല പ്രവർത്തനങ്ങൾ**

മാർഗ്ഗരേഖയ്ക്ക് അനുസൃതമായി ഗൃഹ കേന്ദ്രീകൃത പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. രോഗികളുടെ വിവരങ്ങളടങ്ങുന്ന നോമിനൽ രജിസ്റ്റർ, ഫോളോ അപ്പ് രജിസ്റ്റർ, സന്ദർശന വിവരങ്ങളടങ്ങുന്ന രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. രോഗികൾക്ക് ആവശ്യമായ പരിചരണ സാമഗ്രികൾ വിതരണം ചെയ്തിട്ടുണ്ട്. ഹോം കെയർ ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർക്കുള്ള പരിശീലനവും നടപ്പിലാക്കിയിട്ടുണ്ട്. പാലിയേറ്റീവ് വാഹനം ക്വട്ടേഷൻ മുഖേന മാനദണ്ഡങ്ങൾ പാലിച്ചാണ് വാടകയ്ക്കെടുത്തിട്ടുള്ളത്. എന്നാൽ 2020 വർഷാവസാനത്തെ രോഗികളുടെ സ്ഥിതി വിവര കണക്ക് താഴെ പറയുന്ന പ്രകാരമാണ്.

| | |
|---|---|
| രജിസ്റ്റർ ചെയ്ത ആകെ രോഗികൾ | 1279 |
| രജിസ്റ്റർ ചെയ്ത രോഗികളിൽ മരണപ്പെട്ടവർ | 601 |
| രോഗം ഭേദമായവർ | 15 |
| ചികിത്സ നിർത്തിയവർ | 5 |
| ഫോളോ അപ്പ് രോഗികൾ | 185 |
| ഒ.പി. യിൽ ചികിത്സ തേടുന്നവർ | 355 |
| സെക്കന്ററി കെയർ ഉള്ളവർ | 17 |
| ഫിസിയോ തെറാപ്പി ചെയ്യുന്നവർ | 12 |
| 60 വയസ്സിന് മുകളിലുള്ള രോഗികൾ | 36 |
| കാൻസർ രോഗികൾ | 35 |
| ഡയാലിസിസ് ചെയ്യുന്നവർ | 18 |
| മോർഫിൻ കഴിക്കുന്നവർ | ഇല്ല |

**2. വാർഡ് /സബ്സെന്റർ തല പ്രവർത്തനങ്ങൾ**

ദീർഘകാല പരിചരണം ആവശ്യമായി വരുന്ന രോഗികളെ ആശാവർക്കർമാരുടേയും മറ്റ് സന്നദ്ധ പ്രവർത്തകരുടേയും നേതൃത്വത്തിൽ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും രോഗികൾക്ക് പൂർണ്ണ മാനസിക ശാരീരിക പിന്തുണ ഉറപ്പാക്കുന്നതിനുവേണ്ടി സന്നദ്ധപ്രവർത്തകരുടെ സംഘങ്ങൾ വാർഡ് തലത്തിൽ രൂപീകരിക്കേണ്ടതുമാണെന്ന് മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. വാർഡ് സമിതികൾ രൂപീകരിക്കുകയോ അവലോകന യോഗങ്ങൾ ചേരുകയോ ചെയ്തതിന്റെ രേഖയില്ല.

**3. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി**

പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടത്തിനുമായി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പിഎംസി) ഓരോ സാമ്പത്തിക വർഷാരംഭത്തിനു മുമ്പും ഗ്രാമപഞ്ചായത്ത് രൂപീകരിക്കേണ്ടതാണ്. രണ്ട് മാസത്തിലൊരിക്കലോ, ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിന് തീരുമാനങ്ങൾ എടുക്കേണ്ടതുമാണ്. എന്നാൽ 2020-21 വർഷാരംഭത്തിൽ പിഎംസി പുനസംഘടിപ്പിച്ചിട്ടില്ല. 2020-21 വർഷം 25-2-20, 23-3-21, 7-5-21 എന്നീ തീയതികളിലായി 3 തവണ മാത്രമാണ് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത്. ഓരോ മാസത്തെ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ, പി.എച്ച്.സി) യോഗത്തിൽ രേഖാമൂലം അവതരിപ്പിക്കേണ്ടതും അംഗീകാരം നേടേണ്ടതുമാണ്.

**4. ആരോഗ്യ പ്രവർത്തനങ്ങളുടെ അവലോകന യോഗങ്ങൾ**

ഗ്രാമപഞ്ചായത്ത് തലത്തിൽ എല്ലാ മാസവും അവലോകന യോഗങ്ങൾ കൂടേണ്ടതാണ്. ഈ യോഗത്തിൽ അലോപ്പതി, ആയുഷ് ആശുപത്രികളുടെ പ്രവർത്തനങ്ങൾ, ആശാ പ്രവർത്തകരുടെ പ്രവർത്തനങ്ങൾ, പാലിയേറ്റീവ് കെയർ ഉൾപ്പെടെ വിവിധ ആരോഗ്യ പദ്ധതികൾ, വാർഡ് ആരോഗ്യ അവലോകന സമിതികളുടെ പ്രവർത്തനം എന്നിവ അവലോകനം ചെയ്യേണ്ടതാണ്. ആയതിന് സ.ഉ(സാധാ)519/2019/തസ്വഭവ തീയതി 07.03.2019 പ്രകാരം മാർഗ്ഗരേഖയും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

**5. വിഭവ സമാഹരണം**

ഹോം കെയർ സംവിധാനവും അനുബന്ധ പ്രവർത്തനങ്ങളും കൂടുതൽ ഫലപ്രദമായി നടത്തുവാൻ പ്രാദേശിക വിഹിതം സമാഹരിക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടായിട്ടില്ല. പണമായോ സാധന സാമഗ്രികളായോ സംഭാവന സ്വീകരിക്കുന്നതിന് രശീതി തയ്യാറാക്കുകയോ ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയോ ചെയ്തിട്ടില്ല.

**6. മോണിട്ടറിംഗ്**

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അവരുടെ യോഗങ്ങളിൽ ഒരു അജണ്ടയായി ഉൾപ്പെടുത്തി പാലിയേറ്റീവ് കെയർ ചർച്ച ചെയ്യണമെന്നും ഭരണ സമിതി വർഷത്തിലൊരിക്കലെങ്കിലും പ്രത്യേക അജണ്ടയായി പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തണമെന്നും അതിനനുസരിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണമെന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമായി പാലിക്കപ്പെട്ടിട്ടില്ല.

**<u>നിർദ്ദേശങ്ങൾ</u>**

1. വാർഡ് സമിതികൾ രൂപീകരിക്കുകയും അവലോകന യോഗങ്ങൾ ചേരുകയും ചെയ്യേണ്ടതാണ്. സബ്ബ് സെന്റർ തലത്തിലും പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതാണ്.

2. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി കൃത്യമായ ഇടവേളകളിൽ യോഗം ചേരേണ്ടതും പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. പ്രവർത്തന അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കുകളും കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്.

3. ഗ്രാമപഞ്ചായത്ത് തലത്തിൽ എല്ലാ മാസവും അവലോകന യോഗങ്ങൾ കൂടേണ്ടതും പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്.

4. പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി പ്രാദേശിക വിഹിതം സമാഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റികളും ഭരണ സമിതിയും ക്രിയാത്മകമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**ഓഡിററ് എൻക്വയറി.നം. 31/28.07.21.**

**<u>1-19 ലൈഫ് ഭവന പദ്ധതി പണി പൂർത്തിയാക്കിയിട്ടില്ല</u>**

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്റ്റ് നം 287/20-21 | ലൈഫ് മിഷൻ ഭവനനിർമ്മാണം (സ്പിൽ ഓവർ) പട്ടിക ജാതി. |
| അടങ്കൽ തുക | 65,98,175/-(44,400/- (വികസന ഫണ്ട് എസ്.സി.പി ,15,00,000/- സംസ്ഥാനാവിഷ്കൃത ഫണ്ട്, 14,80,381/- ബ്ലോക്ക് പഞ്ചായത്ത്, 2,73,394/- ജില്ലാപഞ്ചായത്ത്, 33,00,000 ലോൺ ) |
| ചെലവഴിച്ച തുക | 12,80,000/-(40,000/-വികസന ഫണ്ട് എസ്.സി.പി, ലോൺ 12,40,000 ) |

ലൈഫ് മിഷൻ ഭവന നിർമ്മാണം (പട്ടികജാതി) പദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ ഭവന നിർമ്മാണത്തിനായി കരാറിലേർപ്പെട്ട് 40,000/- ആദ്യ ഗഡു കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലെന്ന് കണ്ടു.

| ഗുണഭോക്താവ് | വാർഡ് | ബിൽ നം/തീയതി |
|---|---|---|
| അനിൽകുമാർ. ബി, ചരുവിള പുത്തൻ വീട്, മലപ്പേരൂർ, മഞ്ഞപ്പാറ | 2 | 1/18.5.20 |
| സുനിത, ചരുവിള പുത്തൻ വീട്, ചാണപ്പാറ | 13 | 29/30.3.20 |
| രമ്യ ആർ, ചരുവിള പുത്തൻ വീട്, ചെറുകുളം, ചുണ്ട. | 16 | 25/20.3.20 |

വിവരം ആരാഞ്ഞ് നൽകിയ എൻക്വയറിക്ക് നിരവധി തവണ നേരിട്ട് ബന്ധപ്പെട്ടിട്ടും പ്രസ്തുത ഗുണഭോക്താക്കൾ വീടുപണി ആരംഭിച്ചിട്ടില്ല, മാത്രമല്ല പണി ആരംഭിക്കാത്ത പക്ഷം വാങ്ങിയ തുക 12% പിഴപ്പലിശ സഹിതം തിരിച്ചടക്കണം എന്ന് കാണിച്ച് നോട്ടീസ് നൽകിയിട്ടുണ്ടെന്നും വി.ഇ.ഒ. മറുപടി നൽകി.

മേൽ വ്യക്തികളെക്കൊണ്ട് ഭവന നിർമ്മാണം പൂർത്തീകരിച്ച് ലൈഫ് മിഷൻ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നല്കിയ തുക തിരികെ ഈടാക്കി യഥാഫണ്ടിൽ ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി.നം-19 തീയതി-27.7.21.**

**<u>1-20 മേവറം കോളനി റോഡ്, ക്രമപ്രകാരമല്ലാതെ കരാറിലേർപ്പെട്ടു</u>**

പൊതുമരാമത്ത് മാന്വൽ (2012 ൽ പരിഷ്കരിച്ചത്), ടെണ്ടർ നിബന്ധന എന്നിവ പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതിക്കുശേഷം 1% പിഴ ഈടാക്കിക്കൊണ്ട് കരാർ വയ്ക്കുന്നതിന് 10 ദിവസം കൂടി സമയം അനുവദിക്കാവുന്നതാണ്. ആയതിനു ശേഷവും കരാർ വച്ചിട്ടില്ലെങ്കിൽ നിരതദ്രവ്യം കണ്ടുകെട്ടി തുടർനടപടി സ്വീകരക്കേണ്ടതാണ്. താഴെ കൊടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തിക്ക് കരാർ വച്ചിട്ടുള്ളത് നിയമാനുസൃതമല്ല.

| ക്ര.നം | പ്രവൃത്തി വിവരം | കരാർ തുക (₹) | ഈടാക്കേണ്ടിയിരുന്ന പിഴ (₹) |
|---|---|---|---|
| 1 | പ്രവൃത്തി- മേവറം കോളനി റോഡ്<br>കരാറുകാരൻ- ശ്രീ. ജയന്ദ്രജൻ, തിരുവാതിര, ചിങ്ങോലി<br>സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി, 08-10-2020<br>പിഴയോട് കൂടി കരാർ വയ്ക്കേണ്ട അവസാന തീയതി, 18-10-2020<br>കരാർവച്ച തീയതി - 06-11-2020 | 1,50,000/- | 1,500/- |

നിയമാനുസൃതമല്ലാതെയും പിഴ ഈടാക്കാതെയും ആണ് കരാർ വച്ചിട്ടുള്ളത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 21, തീ. 28-07-2021) അപാകത സംഭവിച്ചതാണെന്നും, കരാറുകാരനിൽ നിന്നും പിഴ ഈടാക്കുന്നതാണെന്നും മറുപടി നൽകി. ക്രമപ്രകാരമല്ലാതെയാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളതെങ്കിൽ പ്രവൃത്തിയുടെ നിർവ്വഹണം നടന്നിട്ടുള്ളതിനാൽ പിഴ ഈടാക്കേണ്ടതുള്ളതും അപാകത ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**<u>1-21 ടാറിംഗ് പ്രവൃത്തികളിൽ കാലിബാരൽ വില ഈടാക്കിയിട്ടില്ല, 31,724/-രൂപാ നിരാകരിക്കുന്നു.</u>**

റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ.2016 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. ഇപ്രകാരം കാലി ബാരൽ വില ഈടാക്കാതിരുന്നതു മൂലം 31,724/- രൂപ അധികമായി ചെലവഴിച്ചു. (വിശദവിവരത്തിന് ഖണ്ഡിക 3-1 കാണുക).

**<u>1-22 വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 11,25,000/-രൂപാ തടസ്സപ്പെടുത്തുന്നു.</u>**

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രോജക്കുകളുടെ വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | അടവാക്കിയ തുക (₹) | ബിൽ നം, തീയതി |
|---|---|---|---|---|
| 1 | വാട്ടർലൈൻ എക്സ്റ്റൻഷൻ (10/21) | കേരളാ വാട്ടർ അതോറിറ്റി | 5,75,000/- | 13, 14-09-2020 |
| 2 | എസ് എസ് എ വിഹിതം (02/21) | ജില്ലാ പ്രോജക്ട് ഓഫീസർ, എസ്.എസ്.കെ, കൊല്ലം | 5,00,000/- | 5, 05-08-2020 |
| 3 | ജീവനം ഗ്രാമ പഞ്ചായത്ത് വിഹിതം അടവാക്കൽ (7/21) | ജില്ലാ പഞ്ചായത്ത്, കൊല്ലം | 50,000/- | 25, 09-02-2021 |
| | | ആകെ | 11,25,000/- | |

വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ച 11,25,000/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**<u>1-23 വാട്ടർ അതോറിറ്റി വെള്ളക്കരം ഒടുക്കൽ (9/21), വെള്ളക്കരം ഇനത്തിൽ ഒടുക്കു വരുത്തിയ തുകകൾ കുറവു വരുത്താതെ ബില്ലുകൾ നൽകി വരുന്നു.</u>**

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി.

അടങ്കൽ തുക - 4,70,000/-രൂപ (സംരക്ഷണ ഗ്രാന്റ്, റോഡിതരം).

2020-21 സാമ്പത്തിക വർഷത്തിൽ വെള്ളക്കരം ഇനത്തിൽ തുക കൃത്യമായി ഒടുക്കു വരുത്തുന്നുണ്ടെങ്കിലും ആയത് കൃത്യമായി കുറവ് വരുത്താതെ വൻതുക കുടിശ്ശിക രേഖപ്പെടുത്തിയിട്ടുള്ള ബില്ലാണ് കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തിന്റെ അവസാനം വരെ ലഭിച്ചുകൊണ്ടിരിക്കുന്നത്. ആയതിൻമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 17, തീയതി 26-07-2021) വാട്ടർ അതോറിറ്റിയിൽ വെള്ളക്കരം ഇനത്തിൽ ഒടുക്കു വരുത്തിയ തുകകൾ നിക്ഷേപ പ്രവൃത്തികൾക്കായുള്ള അക്കൗണ്ടിൽ ക്രെഡിറ്റു ചെയ്തു കൊണ്ടാണ് ഇപ്രകാരം തെറ്റായ ബില്ലുകൾ ലഭിക്കുന്നതെന്നും, അപാകത പരിഹരിക്കുവാൻ വാട്ടർ അതോറിറ്റിക്ക് കത്തു നല്കിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**<u>1-24 തെറ്റായി ടെണ്ടർ കുറവ് വരുത്തി, 1,427/-രൂപാ അധികം ചെലവഴിച്ചു</u>**

വട്ടപ്പാട് കേളന്റയ്യം റോഡ് കോൺക്രീറ്റിംഗ് (325/21) പ്രവൃത്തിയിൽ തെറ്റായി ടെണ്ടർ കുറവ് വരുത്തിയതു മൂലം 1,427/-രൂപാ അധികം ചെലവഴിച്ചു. (വിശദവിവരത്തിന് ഖണ്ഡിക 3-2 കാണുക).

**<u>1-25 വട്ടത്രാമല അയിരൂർ റോഡിൽ കലുങ്ക് നിർമ്മാണം, ടെണ്ടർ അംഗീകരിച്ചിട്ടും കരാർ വയ്ക്കാതിരുന്ന കരാറുകാരന്റെ നിരതദ്രവ്യം കണ്ടുകെട്ടിയിട്ടില്ല.</u>**

വട്ടത്രാമല അയിരൂർ റോഡിൽ കലുങ്ക് നിർമ്മാണം എന്ന പ്രവൃത്തി ടെണ്ടർ ചെയ്തതിൽ 2.2% കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ശ്രീ. രാജൻ ആർ, പുളിമൂട്ടിൽ വീട് കുരിയോട് എന്ന വ്യക്തിയുടെ ടെണ്ടർ പഞ്ചായത്ത് കമ്മറ്റിയുടെ 16-10-2019ലെ 10(2) തീരുമാനപ്രകാരം അംഗീകരിക്കുകയും ടിയാന് സെലക്ഷൻ നോട്ടീസ് നല്കുകയും ചെയ്തു. എന്നാൽ ടി പ്രവൃത്തി റീ ടെണ്ടർ ചെയ്ത് മറ്റൊരു കരാറുകാരനാണ് നിർവ്വഹണം നടത്തിയിരിക്കുന്നത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 21, തീയതി 28-07-2021) ശ്രീ. രാജൻ ആർ, പുളിമൂട്ടിൽ വീട് എന്ന വ്യക്തിക്ക് കരാർ വയ്ക്കാവുന്ന കാലാവധിയിൽ കരാർ വയ്ക്കാൻ കഴിഞ്ഞില്ലെന്നും, ആയതിനാൽ പ്രവൃത്തി റീ ടെണ്ടർ ചെയ്ത് നിർവ്വഹണം നടത്തിയിട്ടുള്ളതാണെന്നും മറുപടി നല്കി. പൊതുമരാമത്ത്

മാന്വൽ (2012 ൽ പരിഷ്കരിച്ചത്) ടെണ്ടർ നിബന്ധന എന്നിവ പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതിക്കുശേഷം 1% പിഴ ഈടാക്കികൊണ്ട് കരാർ വയ്ക്കുന്നതിന് 10 ദിവസം കൂടി സമയം അനുവദിക്കാവുന്നതാണ്. ആയതിനു ശേഷവും കരാർ വച്ചിട്ടില്ലെങ്കിൽ നിരതദ്രവ്യം കണ്ടുകെട്ടി തുടർനടപടി സ്വീകരക്കേണ്ടതാണ്. എന്നാൽ ടിയാന്റെ നിരതദ്രവ്യം നാളിതുവരെ കണ്ടുകെട്ടിയിട്ടില്ല. നിരതദ്രവ്യം കണ്ടുകെട്ടി വിവരം അറിയിക്കേണ്ടതാണ്.

**<u>1-26 ഇ ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല.</u>**

2020-21 സാമ്പത്തിക വർഷം മുതൽ ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഗ്രാമ പഞ്ചായത്തിലെ അസി. എഞ്ചിനീയറുടെ അക്കൗണ്ടിലാണ് അടവാക്കി വരുന്നത്. 31-03-2021 വരെ ഇതിനായി അസി. എഞ്ചിനീയർ എസ്. ബി. ഐ. യുടെ നിലമേൽ ശാഖയിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ 2,41,712/- രൂപാ വരവുണ്ട്. ടി തുക ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്. കൂടാതെ നിരതദ്രവ്യം കണ്ടുകെട്ടേണ്ട മരാമത്ത് പ്രവൃത്തികളുടെ നിരതദ്രവ്യം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതും പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

**<u>1-27 വീട് മെയിന്റനൻസ് പൂർത്തിയാക്കിയിട്ടില്ല</u>**

പ്രോജക്ട് – വീട് വാസയോഗ്യമാക്കൽ, പട്ടികജാതി.
പ്രോജക്ട് നമ്പർ – 53/20-21.
അടങ്കൽ – 15,00,000/-രൂപ (14,71,762/-രൂപ വികസന ഫണ്ട്, എസ്.സി.പി, 28,238/-രൂപ തനത് ഫണ്ട്)

ചെലവ്-7,50,000/-രൂപ, എസ്.സി.പി.

ഈ പദ്ധതി പ്രകാരം വീട് വാസയോഗ്യമാക്കാൻ അഡ്വാൻസ് ആയി 50,000/-രൂപ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ച് രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല.

| ക്രമ നം | പേര് | തുക നൽകിയ വിവരം |
|---|---|---|
| 1. | ബിനു, ചരുവിള പുത്തൻ വീട്, ഫിൽഗിരി (വാർഡ്-20) | ബിൽ നമ്പർ 17/10-2-21 |
| 2. | സന്തോഷ്, ചരുവിള വീട്, മേളക്കാട് (വാർഡ്-3) | ബിൽ നമ്പർ 17/10-2-21 |
| 3. | ശിവദാസൻ, അജിത്ത് ഭവൻ, മഞ്ഞപ്പാറ. | ബിൽ നമ്പർ 17/10-2-21 |
| 4. | ചെല്ലമ്മ, കരിക്കത്തിൽ വീട്, ചരിപ്പറമ്പ് (വാർഡ് -15) | ബിൽ നമ്പർ 17/10-2-21 |
| 5. | ജയന്തി, റോഡ് വിള വീട്, മണ്ണൂർ (വാർഡ്- 9) | ബിൽ നമ്പർ 22/30.3.21 |
| 6. | റീന, ചരുവിളപുത്തൻ വീട്. ചെമ്മണ്ണൂർ (വാർഡ്-8) | ബിൽ നമ്പർ 22/30.3.21 |
| 7. | ശാന്ത, റോഡുവിളവീട്, എഴിയം (വാർഡ്-21) | ബിൽ നമ്പർ 22/30.3.21 |
| 8. | ശ്രീദേവി, ശ്രീവിലാസം, ചാണപ്പാറ (വാർഡ്-14) | ബിൽ നമ്പർ 22/30.3.21 |

വിശദീകരണം ആരാഞ്ഞ് നൽകിയ എൻക്വയറിക്ക് പ്രസ്തുത ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല എന്ന് വി.ഇ.ഒ. മറുപടി നൽകി. പണി പൂർത്തിയാക്കി രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്. അല്ലാത്തപക്ഷം നൽകിയ തുക പിഴപലിശ സഹിതം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 1 7 തീയതി, 27.7.21.**

**1-28 സുഭിക്ഷകേരളം - പച്ചക്കറി കൃഷി - സബ്സിഡി മാർഗ്ഗരേഖ ലംഘിച്ച് തുക ചെലവഴിച്ചു - 5,17,111/-രൂപ**

പ്രോജക്ട് നമ്പർ : 296/21.

അടങ്കൽ : 10,00,000/-രൂപ (വികസന ഫണ്ട് - 5,20,000/-രൂപ, ബ്ലോക്കു വിഹിതം - 1,60,000/- രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം - 3,20,000/-രൂപ)

ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ബിൽ നം., തീയതി | തുക (₹) | ഫണ്ടിനം |
|---|---|---|
| 3, 11-08-2020 | 2,09,329/- | വികസന ഫണ്ട് |
| 20, 11-01-2021 | 25,000/- | വികസന ഫണ്ട് |
| 26, 21-01-2021 | 5,914/- | ബ്ലോക്ക് വിഹിതം |
| 14, 21-12-2020 | 21,371/- | ബ്ലോക്ക് വിഹിതം |
| 10, 04-11-2020 | 11,828/- | ബ്ലോക്ക് വിഹിതം |
| 33, 15-02-2021 | 38,418/- | ബ്ലോക്ക് വിഹിതം |
| 13, 21-12-2020 | 12,601/- | ജില്ല പഞ്ചായത്ത് വിഹിതം |
| 12, 21-12-2020 | 1,25,000/- | ജില്ല പഞ്ചായത്ത് വിഹിതം |
| **ആകെ** | **4,49,461/-** | |

പഞ്ചായത്തിലേക്ക് ആവശ്യമായ പച്ചക്കറി ഉത്പാദിപ്പിക്കുന്നതിന് കോട്ടക്കൽ കൃഷി ഫാമിലെ 10 ഏക്കർ തരിശുഭൂമി പച്ചക്കറി കൃഷി ചെയ്യുന്നതിനായി സുഭിക്ഷ കേരളം പദ്ധതിയിലുൾപ്പെടുത്തി പദ്ധതി ആവിഷ്കരിച്ചു.

29/05/2020-ലെ സുഭിക്ഷ കേരളം സബ്സിഡി മാർഗരേഖ സ.ഉ (സാധാ) നം : 1009/2020/ത.സ്വ.ഭ.വ. ഖണ്ഡിക 2-1 ൽ തരിശു കൃഷിക്ക് അനുവദിയ്ക്കാവുന്ന പരാമാവധി സഹായം ഹെക്ടറിന് 40,000/-രൂപയായി പരിമിതപ്പെടുത്തിയിട്ടുണ്ട്. മേൽ മാർഗരേഖ ഖണ്ഡിക 2-4-2-ൽ തരിശുഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പൂർണ്ണമായും ഉപയോഗപ്പെടുത്തണമെന്നും തരിശുഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുകയാണെങ്കിൽ സ്ഥിരം കൃഷിക്കുള്ള (Regular Farming) സഹായം നൽകാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി പദ്ധതിയ്ക്കായി തരിശുഭൂമി കൃഷിയോഗ്യമാക്കിയതിന് എം.ജി.എൻ.ആർ.ഇ.ജി.എസ്. പ്രകാരം 2,11,167/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം തൊഴിലുറപ്പ് പദ്ധതിയിലൂടെ കൃഷിഭൂമി തയ്യാറാക്കിയതിനാൽ സുഭിക്ഷ കേരളം പദ്ധതിയുടെ തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് തുക അനുവദിയ്ക്കാൻ പാടില്ല. ടി മാർഗ്ഗരേഖ ഖണ്ഡിക 2-3, 2-4, 2-5-1, 2-5-3 എന്നിവ പ്രകാരം സ്ഥിരം കൃഷിയ്ക്കുള്ള പരാമാവധി സഹായം കൃഷിചെലവ്/കൂലിചെലവ് സബ്സിഡി, പച്ചക്കറി പന്തലുപയോഗിക്കുന്ന ഇനങ്ങൾക്ക് ഹെക്ടറിന് 25,000/- രൂപയായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം ഫാമിലെ 10 ഏക്കർ പ്രദേശത്ത് പച്ചക്കറി കൃഷി ചെയ്തതിന് ഖണ്ഡിക 2-4-1 പ്രകാരം ഹ്രസ്വകാല വിളയായി പരിഗണിച്ചാൽ തന്നെ 2 സീസണിൽ സഹായം നൽകാം. 10 ഏക്കർ = 4.047 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തതിന് നൽകാവുന്ന സബ്സിഡി 4.047x25,000 = 1,01,175/- രൂപ മാത്രമാണ്. ഇത് 2 സീസണിൽ നൽകിയാൽ 2x101175 = 2,02,350/-രൂപ മാത്രമാണ്. എന്നാൽ മാർഗരേഖയിലെ നിർദ്ദേശങ്ങൾ അവഗണിച്ചുകൊണ്ട് തൊഴിലുറപ്പ് പദ്ധതിയിൽ കൃഷിഭൂമി തയ്യറാക്കിയതിന് പുറമേ 4,49,461/-രൂപയും നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് ചെലവഴിച്ച 2,47,111/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 14/02/2018 ലെ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം. 22/18 ത.സ്വ.ഭ.വ. ഖണ്ഡിക 2-2 പ്രകാരം മാനദണ്ഡങ്ങൾ അധികരിച്ച് സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും ഖണ്ഡിക 2-3 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ

ലംഘനം തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവ്യയമായി കണക്കാക്കുമെന്നും പ്രസ്താവിച്ചിട്ടുണ്ട്. ആയതിനാൽ മാർഗ്ഗരേഖ ലംഘിച്ച് ചെലവഴിച്ച 2,47,111/-രൂപ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

ടി പദ്ധതി കർഷക ഗ്രൂപ്പുകൾ മുഖേന നിർവ്വഹിച്ചതായാണ് കാണുന്നത്. എന്നാൽ വന്യമൃഗശല്യവും, വരൾച്ചയും മറ്റും പ്രതിരോധിക്കുവാൻ പഞ്ചായത്ത് കമ്മിറ്റിയുടെ 22/09/2020 ലെ 2(12) തീരുമാന പ്രകാരം 2020 ജൂലൈ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 500/-രൂപ ദിവസ വേതനത്തിൽ 3 വാച്ചർമാരെ നിയമിച്ചു. വാച്ചർമാരുടെ കൂലിയിനത്തിൽ തനത് ഫണ്ടിൽ നിന്ന് 2,70,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. സുഭിക്ഷ കേരളം പദ്ധതി മാർഗരേഖയിൽ ഈ ഇനത്തിൽ ചെലവഴിക്കാമെന്ന് നിർദ്ദേശിച്ചിട്ടില്ല. പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ഇപ്രകാരം തീരുമാനമെടുത്ത് ആളിനെ നിയമിച്ച ഇനത്തിൽ ചെലവഴിച്ച 2,70,000/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക, വാച്ചർമാരെ നിയമിക്കുന്നതിന് തീരുമാനിച്ച അംഗങ്ങളിൽ നിന്നും, നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

പഞ്ചായത്തിലെ പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ച ടി പദ്ധതിയിലൂടെ ലഭിക്കുന്ന പച്ചക്കറി പഞ്ചായത്തിൽ വിപണനം ചെയ്യുന്നതിലൂടെ ലഭിക്കുന്ന വരുമാനം കൃഷി ചെയ്ത ഗ്രൂപ്പുകൾക്കും, തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ലഭിക്കുന്ന രീതിയിലായിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ വികസന ഫണ്ട്, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതമുൾപ്പെടെ 4,49,461/-രൂപയും തൊഴിലുറപ്പ് പദ്ധതിയിലൂടെ ചെലവഴിച്ച 2,11,167/-രൂപയും തനത് ഫണ്ടിൽ നിന്ന് ദിവസ വേതനത്തിനായി ചെലവഴിച്ച 2,70,000/-രൂപയുമുൾപ്പെടെ ആകെ 9,30,628/-രൂപ ചെലവഴിച്ച പദ്ധതിയുടെ വാർഷിക കണക്ക് പ്രകാരമുള്ള വരവ് 78,620/-രൂപ മാത്രമാണ്. ഇതിൽ നിന്നും പദ്ധതി നിർവ്വഹണം ലക്ഷ്യം കണ്ടിട്ടില്ലെന്ന് മാത്രമല്ല പരാജയമാണെന്നും ഓഡിറ്റ് നിരീക്ഷിക്കുന്നു.

ആയതിനാൽ സർക്കാർ മാർഗനിർദ്ദേശങ്ങൾക്കനുസൃതമല്ലാതെ വികസന ഫണ്ട്, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങളിൽ നിന്ന് ചെലവഴിച്ച 2,47,111/- രൂപ നിർവ്വഹണോദ്യോഗസ്ഥനായ കൃഷി ഓഫീസറിൽ നിന്ന് ഈടാക്കേണ്ടതും, തനത് ഫണ്ടിൽ നിന്ന് വേതനത്തിനായി ചെലവഴിച്ച 2,70,000/- രൂപ, 22/09/2020-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 2(12) തീരുമാന പ്രകാരം മുൻകാല പ്രാബല്യത്തിൽ വേതനം നൽകുന്നതിന് തനത് ഫണ്ട് ഉപയോഗിക്കാൻ തീരുമാനമെടുത്ത കമ്മിറ്റിയിൽ നിന്നും തുല്യമായി ഈടാക്കി ഒടുക്കു വരുത്തേണ്ടതുമാണ്.

**1-29 കടമുറിവാടകയിനത്തിൽ 1.8ലക്ഷം രൂപ കുടിശ്ശിക**

2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം കടമുറി വാടകയിനത്തിൽ ഡിമാന്റ് 4,88,121/-രൂപയാണ്. ഇതിൽ 3,06,871/-രൂപ മാത്രമാണ് വാടകയിനത്തിൽ പഞ്ചായത്തിന് ലഭിച്ചത്. നിലവിൽ 1,81,250/-തുക വാടകയിനത്തിൽ കുടിശ്ശികയുണ്ട്. കുടിശ്ശിക ഈടാക്കാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-30 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

2020-21 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ഇട്ടിവ അഗ്രിക്കൾച്ചറൽ ഇംപ്രൂമെന്റ് സൊസൈറ്റി | I , II |
| 2 | ബി.എഡ്. കോളേജ്, മഞ്ഞപ്പാറ | I , II |
| 3 | ഇൻഫെന്റ് ജീസസ് ഇംഗ്ലീഷ് സ്കൂൾ | I , II |

സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ ഉള്ളതായി കാണുന്നു. ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. അതുപ്രകാരം വ്യവസായ വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

**1-31 മഴക്കാലപൂർവ്വ ശുചീകരണം - ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു.**

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 1,05,000/-രൂപ ചെക്ക് നം. 633360/29.6.2020 പ്രകാരവും 2,10,000/-രൂപ ചെക്ക് നം. 357954/28.4.2020 പ്രകാരവും മെഡിക്കൽ ഓഫീസർ, പി.എച്ച്.സിയ്ക്ക് നൽകിയിട്ടുണ്ട്. വാർഡൊന്നിന് 15,000/-രൂപ വീതം 21 വാർഡുകളിലേക്ക് അനുവദിച്ച തുകയുടെ ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല. 5,000/- രൂപ തനതുഫണ്ടും 10,000/- രൂപ ശുചിത്വമിഷൻ ഫണ്ടിനത്തിൽ തനതുഫണ്ടിൽ നിന്നും മുൻകൂറായി അനുവദിച്ചു. ആയതിന്റെ ചെലവുരേഖകൾ ഹാജരാക്കുന്നതിനും മുൻകൂർ റീക്കൂപ്പ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവുതുകയായ 3,15,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവുരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം. 24/28.7.21

തടസ്സപ്പെടുത്തിയ തുക-3,15,000/-രൂപ.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ടാറിംഗ് പ്രവൃത്തികളിൽ കാലിബാരൽ വില ഈടാക്കിയിട്ടില്ല,31,724/- രൂപാ നിരാകരിക്കുന്നു.

താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ.2016 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിൻറെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു;

| ക്ര.നം | പ്രവൃത്തി വിവരം | ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ (കി.ഗ്രാം.) | ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട വില (238+18% ജി.എസ്.ടി.) |
|---|---|---|---|---|
| 1 | പ്രവൃത്തി-ശങ്കരപുരം നെടുംപച്ച റോഡ് മെയിൻറനൻസ് (So 208/21)<br>അടങ്കൽ തുക-5,00,000/- (സംരക്ഷണ ഗ്രാൻറ്, റോഡ്)<br>കരാറുകാരൻ-ശ്രീ. സുനിൽദത്ത് , ഗ്രാമശ്രീ, ചാണപ്പാറ<br>കരാർ-114/AE/LSGD/ITTIVA/18-19, 11-02-2019<br>ചെലവ്-4,83,804/-<br>ബിൽ നം 1, 20-04-2020 | ബിറ്റുമിൻ - 3324<br>ഇമൽഷൻ-306 | 22 | 6,182/- |
| 2 | പ്രവൃത്തി- ത്രാങ്ങോട് കൊട്ടാരഴികം റോഡ് (So 234/21)<br>അടങ്കൽ തുക-2,92,500/- (സംരക്ഷണ ഗ്രാന്റ്, റോഡ്)<br>കരാറുകാരൻ-ശ്രീ. സുനിൽദത്ത് , ഗ്രാമശ്രീ, ചാണപ്പാറ<br>കരാർ-74/AE/LSGD/ITTIVA/18-19, 01-11-2019<br>ചെലവ്-2,92,121/-<br>ബിൽ നം 02, 20-04-2020 | ബിറ്റുമിന്-2209<br>ഇമൽഷൻ-210 | 15 | 4,215/- |
| 3 | പ്രവൃത്തി-വെട്ടിക്കാവ് കുഴിയം റോഡ് ടാറിംഗ് (So 323/21)<br>അടങ്കൽ തുക-8,10,000/- (സംരക്ഷണ ഗ്രാന്റ്, റോഡ്)<br>കരാറുകാരൻ-ശ്രീ. സുനിൽദത്ത് | ബിറ്റുമിൻ-5681<br>ഇമൽഷൻ-586 | 39 | 10,959/- |

| | | | | |
|---|---|---|---|---|
| | കരാർ-106/AE/LSGD/ITTIVA/18-19,<br>24-11-2019<br>ചെലവ്-8,01,424/-<br>ബിൽ നം 49, 28-08-2020 | | | |
| 4 | പ്രവൃത്തിചെമ്മണ്ണം മുകൾമണ്ണൂർമക്കാട്ട് ആഡിറ്റോറിയംറോഡ് ടാറിംഗ് (So 320/21)<br>അടങ്കൽ തുക-9,27,636/- ( സംരക്ഷണ ഗ്രാന്റ്, റോഡ്)<br>കരാറുകാരൻ-ശ്രീ. സുനിൽദത്ത്<br>കരാർ-79/AE/LSGD/ITTIVA/18-19,<br>01-11-2019<br>ചെലവ്-8,97,544/-<br>ബിൽ നം 76, 12-11-2020 | ബിറ്റുമിൻ-4359<br>ഇമൽഷൻ-406 | 30 | 8,430/- |
| 5 | പ്രവൃത്തി-ഫിൽഗിരി കുന്നംപുറം റോഡ് ടാറിംഗ് (So 176/21)<br>അടങ്കൽ തുക-8,00,000/- (സംരക്ഷണ ഗ്രാന്റ്, റോഡ് )<br>കരാറുകാരൻ-ശ്രീ. സുനിൽദത്ത്<br>കരാർ-77/AE/LSGD/ITTIVA/18-19,<br>01-11-2019<br>ചെലവ്-7,68,897/-<br>ബിൽ നം 138, 30-03-2021 | ബിറ്റുമിൻ-2495<br>ഇമൽഷൻ-250 | 17 | 4,777/- |
| 6 | പ്രവൃത്തി-പുത്താരി മണക്കോട് റോഡ് ടാറിംഗ് (So 182/21)<br>അടങ്കൽ തുക-7,00,000/- (സംരക്ഷണ ഗ്രാന്റ്, റോഡ്)<br>കരാറുകാരൻ-ശ്രീ. സുനിൽദത്ത്<br>കരാർ-77/AE/LSGD/ITTIVA/18-19,<br>01-11-2019<br>ചെലവ്-4,63,857/-<br>ബിൽ നം 139, 30-03-2021 | ബിറ്റുമിൻ-3600<br>ഇമൽഷൻ-351 | 25 | 7,025/- |
| | | | ആകെ | 31,724/- |

കാലി ബാരൽ വില ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 31,724/- രൂപാ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ, നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയിട്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം 21, തീ. 28-07-2021) കാലി ബാരൽ വില ഈടാക്കി വിവരം അറിയിക്കാമെന്ന മറുപടി നൽകി.

ഓഡിറ്റ് അന്വേഷണം-21, തീയതി 28-07-2021.

നിരാകരണം-31,724/-രൂപ.

**3-2 തെറ്റായിടെണ്ടർ കുറവ് വരുത്തി, 1,427/- രൂപാ അധികം ചെലവഴിച്ചു**

പ്രവൃത്തി- വട്ടപ്പാട് കേളന്റയ്യം റോഡ് കോൺക്രീറ്റിംഗ് (325/21)

അടങ്കൽ തുക- 200.000/-(ധനകാര്യ കമ്മീഷൻ ഗ്രാൻറ് ).

കരാറുകാരൻ - ശ്രീ. കെ.എസ്. ഷാജി കുമാർ.

കരാർ – 29/ AE/LSGD/ITTIVA/19-20, 19-09-2019.

അളവു പുസ്തകം-119/21.

ബിൽ നമ്പർ – 119, തീയതി 12-03-2021.

എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 2.2% കുറവായാണ് ടെണ്ടർ അംഗീകരിച്ചിട്ടുള്ളത്. എന്നാൽ അന്തിമ ബിൽ തയ്യാറാക്കിയിരിക്കുന്നത് താഴെ കൊടുത്തിരിക്കും പ്രകാരമാണ്.

പ്രവൃത്തിമൂല്യം – 1,78,410/-

(-) ടെണ്ടർ കുറവ് 1.4% – 2,498/-

തുക - 1,75,912/-രൂപ

എന്നാൽ ബിൽ തയ്യാറാക്കേണ്ടിയിരുന്നത് താഴെ കൊടുത്തിരിക്കും പ്രകാരമാണ്.

പ്രവൃത്തിമൂല്യം-1,78,410/-

(-) ടെണ്ടർ കുറവ് 2.2% - 3,925/-

തുക – 1,74,485/-രൂപ

തെറ്റായി ടെണ്ടർ കുറവ് വരുത്തിയതു മൂലം അധികം ചെലവഴിച്ച 1,427/- രൂപാ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം – 27, തീയതി 29-07-2021.

നിരാകരണം-1,427/-രൂപ.

**3-3 സുഭിക്ഷകേരളം - പച്ചക്കറി കൃഷി - സബ്സിഡി മാർഗ്ഗരേഖ ലംഘിച്ച് തുക ചെലവഴിച്ചു - 5,17,111/-രൂപ**

പ്രോജക്ട് നമ്പർ : 296/21.

അടങ്കൽ : 10,00,000/-രൂപ (വികസന ഫണ്ട് - 5,20,000/-രൂപ, ബ്ലോക്കു വിഹിതം - 1,60,000/- രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം - 3,20,000/-രൂപ)

ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ബിൽ നം., തീയതി | തുക (₹) | ഫണ്ടിനം |
|---|---|---|
| 3, 11-08-2020 | 2,09,329/- | വികസന ഫണ്ട് |
| 20, 11-01-2021 | 25,000/- | വികസന ഫണ്ട് |
| 26, 21-01-2021 | 5,914/- | ബ്ലോക്ക് വിഹിതം |
| 14, 21-12-2020 | 21,371/- | ബ്ലോക്ക് വിഹിതം |
| 10, 04-11-2020 | 11,828/- | ബ്ലോക്ക് വിഹിതം |
| 33, 15-02-2021 | 38,418/- | ബ്ലോക്ക് വിഹിതം |

| | | |
|---|---|---|
| 13, 21-12-2020 | 12,601/- | ജില്ല പഞ്ചായത്ത് വിഹിതം |
| 12, 21-12-2020 | 1,25,000/- | ജില്ല പഞ്ചായത്ത് വിഹിതം |
| **ആകെ** | **4,49,461/-** | |

പഞ്ചായത്തിലേക്ക് ആവശ്യമായ പച്ചക്കറി ഉത്പാദിപ്പിക്കുന്നതിന് കോട്ടക്കൽ കൃഷി ഫാമിലെ 10 ഏക്കർ തരിശുഭൂമി പച്ചക്കറി കൃഷി ചെയ്യുന്നതിനായി സുഭിക്ഷ കേരളം പദ്ധതിയിലുൾപ്പെടുത്തി പദ്ധതി ആവിഷ്കരിച്ചു.

29/05/2020-ലെ സുഭിക്ഷ കേരളം സബ്സിഡി മാർഗരേഖ സ.ഉ (സാധാ) നം : 1009/2020/ ത.സ്വ.ഭ.വ. ഖണ്ഡിക 2-1 ൽ തരിശു കൃഷിക്ക് അനുവദിയ്ക്കാവുന്ന പരാമാവധി സഹായം ഹെക്ടറിന് 40,000/-രൂപയായി പരിമിതപ്പെടുത്തിയിട്ടുണ്ട്. മേൽ മാർഗരേഖ ഖണ്ഡിക 2-4-2-ൽ തരിശുഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പൂർണ്ണമായും ഉപയോഗപ്പെടുത്തണമെന്നും തരിശുഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുകയാണെങ്കിൽ സ്ഥിരം കൃഷിക്കുള്ള (Regular Farming) സഹായം നൽകാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി പദ്ധതിയ്ക്കായി തരിശുഭൂമി കൃഷിയോഗ്യമാക്കിയതിന് എം.ജി.എൻ.ആർ.ഇ.ജി.എസ്. പ്രകാരം 2,11,167/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം തൊഴിലുറപ്പ് പദ്ധതിയിലൂടെ കൃഷിഭൂമി തയ്യാറാക്കിയതിനാൽ സുഭിക്ഷ കേരളം പദ്ധതിയുടെ തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് തുക അനുവദിയ്ക്കാൻ പാടില്ല. ടി മാർഗ്ഗരേഖ ഖണ്ഡിക 2-3, 2-4, 2-5-1, 2-5-3 എന്നിവ പ്രകാരം സ്ഥിരം കൃഷിയ്ക്കുള്ള പരാമാവധി സഹായം കൃഷിചെലവ്/കൂലിചെലവ് സബ്സിഡി, പച്ചക്കറി പന്തലുപയോഗിക്കുന്ന ഇനങ്ങൾക്ക് ഹെക്ടറിന് 25,000/- രൂപയായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം ഫാമിലെ 10 ഏക്കർ പ്രദേശത്ത് പച്ചക്കറി കൃഷി ചെയ്യുതിന് ഖണ്ഡിക 2-4-1 പ്രകാരം ഹ്രസ്വകാല വിളയായി പരിഗണിച്ചാൽ തന്നെ 2 സീസണിൽ സഹായം നൽകാം. 10 ഏക്കർ = 4.047 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുതിന് നൽകാവുന്ന സബ്സിഡി 4.047x25,000 = 1,01,175/- രൂപ മാത്രമാണ്. ഇത് 2 സീസണിൽ നൽകിയാൽ 2x101175 = 2,02,350/-രൂപ മാത്രമാണ്. എന്നാൽ മാർഗരേഖയിലെ നിർദ്ദേശങ്ങൾ അവഗണിച്ചുകൊണ്ട് തൊഴിലുറപ്പ് പദ്ധതിയിൽ കൃഷിഭൂമി തയ്യാറാക്കിയതിന് പുറമേ 4,49,461/-രൂപയും നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് ചെലവഴിച്ച 2,47,111/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 14/02/2018 ലെ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം. 22/18 ത.സ്വ.ഭ.വ. ഖണ്ഡിക 2-2 പ്രകാരം മാനദണ്ഡങ്ങൾ അധികരിച്ച് സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും ഖണ്ഡിക 2-3 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവ്യയമായി കണക്കാക്കുമെന്നും പ്രസ്താവിച്ചിട്ടുണ്ട്. ആയതിനാൽ മാർഗ്ഗരേഖ ലംഘിച്ച് ചെലവഴിച്ച 2,47,111/-രൂപ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

ടി പദ്ധതി കർഷക ഗ്രൂപ്പുകൾ മുഖേന നിർവ്വഹിച്ചതായാണ് കാണുന്നത്. എന്നാൽ വന്യമൃഗശല്യവും, വരൾച്ചയും മറ്റും പ്രതിരോധിക്കുവാൻ പഞ്ചായത്ത് കമ്മിറ്റിയുടെ 22/09/2020 ലെ 2(12) തീരുമാന പ്രകാരം 2020 ജൂലൈ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 500/-രൂപ ദിവസ വേതനത്തിൽ 3 വാച്ചർമാരെ നിയമിച്ചു. വാച്ചർമാരുടെ കൂലിയിനത്തിൽ തനത് ഫണ്ടിൽ നിന്ന് 2,70,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. സുഭിക്ഷ കേരളം പദ്ധതി മാർഗരേഖയിൽ ഈ ഇനത്തിൽ ചെലവഴിയ്ക്കാമെന്ന് നിർദ്ദേശിച്ചിട്ടില്ല. പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ഇപ്രകാരം തീരുമാനമെടുത്ത് ആളിനെ നിയമിച്ച ഇനത്തിൽ ചെലവഴിച്ച 2,70,000/-രൂപ ഓഡിറ്റിൽ

അംഗീകരിക്കുന്നില്ല. ടി തുക, വാച്ചർമാരെ നിയമിക്കുന്നതിന് തീരുമാനിച്ച അംഗങ്ങളിൽ നിന്നും, നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

പഞ്ചായത്തിലെ പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ച ടി പദ്ധതിയിലൂടെ ലഭിക്കുന്ന പച്ചക്കറി പഞ്ചായത്തിൽ വിപണനം ചെയ്യുന്നതിലൂടെ ലഭിക്കുന്ന വരുമാനം കൃഷി ചെയ്ത ഗ്രൂപ്പുകൾക്കും, തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ലഭിക്കുന്ന രീതിയിലായിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ വികസന ഫണ്ട്, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതമുൾപ്പെടെ 4,49,461/-രൂപയും തൊഴിലുറപ്പ് പദ്ധതിയിലൂടെ ചെലവഴിച്ച 2,11,167/-രൂപയും തനത് ഫണ്ടിൽ നിന്ന് ദിവസ വേതനത്തിനായി ചെലവഴിച്ച 2,70,000/-രൂപയുമുൾപ്പെടെ ആകെ 9,30,628/-രൂപ ചെലവഴിച്ച പദ്ധതിയുടെ വാർഷിക കണക്ക് പ്രകാരമുള്ള വരവ് 78,620/-രൂപ മാത്രമാണ്. ഇതിൽ നിന്നും പദ്ധതി നിർവ്വഹണം ലക്ഷ്യം കണ്ടിട്ടില്ലെന്ന് മാത്രമല്ല പരാജയമാണെന്നും ഓഡിറ്റ് നിരീക്ഷിക്കുന്നു.

ആയതിനാൽ സർക്കാർ മാർഗനിർദ്ദേശങ്ങൾക്കനുസൃതമല്ലാതെ വികസന ഫണ്ട്, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങളിൽ നിന്ന് ചെലവഴിച്ച 2,47,111/- രൂപ നിർവ്വഹണോദ്യോഗസ്ഥനായ കൃഷി ഓഫീസറിൽ നിന്ന് ഈടാക്കേണ്ടതും, തനത് ഫണ്ടിൽ നിന്ന് വേതനത്തിനായി ചെലവഴിച്ച 2,70,000/-രൂപ, 22/09/2020-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 2(12) തീരുമാന പ്രകാരം മുൻകാല പ്രാബല്യത്തിൽ വേതനം നൽകുന്നതിന് തനത് ഫണ്ട് ഉപയോഗിക്കാൻ തീരുമാനമെടുത്ത കമ്മിറ്റിയിൽ നിന്നും തുല്യമായി ഈടാക്കി ഒടുക്കു വരുത്തേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 14.7.2021 & 15.7.2021 | കെ.എസ്.എ.കെ.എൽ.എം.പി3/1553/21 തീയതി-28/09/2021. |

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 3,82,500/- | നെൽകൃഷി വികസനം | 3,82,500/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 13,00,000/- | ലൈഫ് ഭവനനിർമ്മാണം (GL) | 10,00,000/- | 3,00,000/- |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 10,00,000/- | ലൈഫ് ഭവനനിർമ്മാണം (SC) | 5,60,000/- | 4,40,000/- |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 13,00,000/- | ലൈഫ് ഭവനനിർമ്മാണം (GL) | 9,74,100/- | 3,25,900/- |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 7,00,000/- | ലൈഫ് ഭവനനിർമ്മാണം (SC) | 2,00,000/- | 5,00,000/- |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 5,20,000/- | വയോജനങ്ങളുടെ പകൽവീട് പരിപാലനം | 3,01,401/- | 2,18,599/- |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 2,67,750/- | നെൽക്കൃഷി വികസനം | 2,67,750/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,60,000/- | സുഭിക്ഷകേരളം- തരിശുഭൂമി കൃഷി | 77,531/- | 82,469/- |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 60,000/- | സുഭിക്ഷകേരളം- ഇടവിളകൃഷി | 24,580/- | 35,420/- |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 4,25,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം | 3,69,225/- | 55,775/- |
| ജില്ലാ പഞ്ചായത്ത് | 2020-21 | 3,00,000/- | ലൈഫ് ഭവനനിർമ്മാണം (GL) | 2,80,000/- | 20,000/- |
| ജില്ലാ പഞ്ചായത്ത് | 2020-21 | 5,00,000/- | അങ്കണവാടി പോഷകാഹാരം | 1,50,000/- | 3,50,000/- |
| ജില്ലാ പഞ്ചായത്ത് | 2020-21 | 4,25,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം | 4,25,000/- | - |
| ജില്ലാ പഞ്ചായത്ത് | 2019-20 | 2,00,000/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1,99,273/- | 727/- |
| ജില്ലാ പഞ്ചായത്ത് | 2020-21 | 3,20,000/- | സുഭിക്ഷകേരളം- തരിശുഭൂമികൃഷി | 1,37,601/- | 1,82,399/- |
| ജില്ലാ പഞ്ചായത്ത് | 2020-21 | 60,000/- | ഫലവൃക്ഷവിള വ്യാപനം | 58,709/- | 1,291/- |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം. | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./UTR No. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 22001217/11.9.20 | 575000/- | - | 575000/- |
| 2 | KWA | കോളനികളിൽ കുടിവെള്ള പദ്ധതി | 22000153/12.4.20<br>22000154/12.4.20 | 661197/-<br>698499/- | - | 1359696/- |
| 3 | KWA | വെളുന്തറ കോളനിപൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 22001313/12.4.20 | 600000/- | - | 600000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,52,40,000/-രൂപ വരവുണ്ട്. മുൻബാക്കി 6,23,482/-രൂപയടക്കം 1,58,63,482/-രൂപയിൽ 1,54,60,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ലഭിച്ച തീയതി | തൻവർഷം ലഭിച്ച വായ്പാ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| - | ലഭ്യമല്ല | 1,52,40,000/- | 2,87,94,962/- | 30,45,255/- | - | 4,09,89,707/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച /വരവില്ല 7,313/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | 3-13 | 3,979/- | ശ്രീമതി. സി. പി. ഉഷാകുമാരി മെമ്പർ | 120080101492/ 22.5.2020 |
| 2014-15 | 3-13 | 3,979/- | ശ്രീമതി. വിജയമ്മ മെമ്പർ | 120080101509/ 22.5.2020 |
| 2014-15 | 3-13 | 3,979/- | ശ്രീമതി. അരുണാദേവി മെമ്പർ | 120080101466/ 19.10.2020 |
| 2014-15 | 3-13 | 3,979/- | ശ്രീ. ഷുജാ-ഉൽ-മുൽക്ക് മെമ്പർ | 120080101516/ 23.10.2020 |
| 2014-15 | 3-13 | 3,979/- | ശ്രീ. സബി തോമസ് മെമ്പർ | 120080101526/ 23.10.2020 |
| 2014-15 | 3-13 | 3,979/- | ശ്രീ. നൗഷാദ് മെമ്പർ | 120080101778/ 4.11.2020 |
| 2014-15 | 3-13 | 3,979/- | ശ്രീ. മണ്ണൂർ ബാബു മെമ്പർ | 120080101804/ 5.11.2020 |
| 2014-15 | 3-13 | 3,979/- | ശ്രീ. ബോബൻ മെമ്പർ | 120080101937/ 12.11.2020 |
| 2014-15 | 3-13 | 3,979/- | ശ്രീ. ഇബ്രാഹിംകുട്ടി മെമ്പർ | 120080102180/ 19.11.2020 |
| **ആകെ** | | **35,811/-** | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | - | 2000-01 | - | ദുർബ്ബല വിഭാഗത്തിൽപ്പെട്ടവരുടെ ഭവനങ്ങൾക്ക് ഇലക്ട്രിക്ക് വയറിങ്- കരാറുകാരന് നൽകിയ മുൻകൂർ നിരാകരിക്കുന്ന തുക-25,000/- രൂപ | |
| 2000-01 2001-02 | 2-10 | 2007-08 | 3-9-1 | മണൽലേലം – വ്യവസ്ഥകൾ പാലിച്ചിട്ടില്ല. | |
| | - | 2012-13 | - | ലഘു അവലോകനം-ഫ്രണ്ട് ഓഫീസ് സംവിധാനം | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക**

**ഇല്ല**

**(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക**

**ഇല്ല**

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 31,724/- | ശ്രീ. അജി. കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 1,427/- | ശ്രീ. അജി. കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 2,47,111/- | ശ്രീമതി. സുമി. എ, കൃഷി ഓഫീസർ |
| | | 13,500/- | ശ്രീമതി. സൂസമ്മ വർഗ്ഗീസ്, പഞ്ചായത്ത് മെമ്പർ |
| | | 13,500/- | അഡ്വ. വി.റ്റി. സിബി, പഞ്ചായത്ത് മെമ്പർ |
| | | 13,500/- | ശ്രീമതി. എസ്. ബേബി ഷീല, പഞ്ചായത്ത് മെമ്പർ |
| | | 13,500/- | ശ്രീ. ദീപു. വി.എസ്, പഞ്ചായത്ത് മെമ്പർ |
| | | 13,500/- | ശ്രീ. ബൈജു. ബി, പഞ്ചായത്ത് മെമ്പർ |
| | | 13,500/- | ശ്രീ. അശോക് കുമാർ. പഞ്ചായത്ത് മെമ്പർ |
| | | 13,500/- | ശ്രീമതി. കലാ ജയരാജ്, പഞ്ചായത്ത് മെമ്പർ |
| | | 13,500/- | അഡ്വ. വയലാ ശശി, പഞ്ചായത്ത് മെമ്പർ |
| | | 13,500/- | ശ്രീ. ബി. മുരളീധരൻ പിള്ള, പഞ്ചായത്ത് |

| | | | |
|---|---|---|---|
| | | | മെമ്പർ |
| | | 13,500/- | ശ്രീ. ശാമുവേൽ കൊച്ചുകുഞ്ഞ്, പഞ്ചായത്ത് മെമ്പർ |
| | | 13,500/- | ശ്രീ. ജി. ദിനേശ് കുമാർ, പഞ്ചായത്ത് മെമ്പർ |
| | | 13,500/- | ശ്രീമതി. ദീപ ജോയി, പഞ്ചായത്ത് മെമ്പർ |
| | | 13,500/- | ശ്രീ. ബാബു. ജി, പഞ്ചായത്ത് മെമ്പർ |
| | | 13,500/- | ശ്രീമതി. വി. ഷീബ, പഞ്ചായത്ത് മെമ്പർ |
| | | 13,500/- | ശ്രീമതി. ഷാഹിനാ ഇബ്രാഹിം, പഞ്ചായത്ത് മെമ്പർ |
| | | 13,500/- | ശ്രീമതി. എസ്. ആർ. ബിന്ദു, പഞ്ചായത്ത് മെമ്പർ |
| | | 13,500/- | ശ്രീമതി. ഷാനിമോൾ. എ, പഞ്ചായത്ത് മെമ്പർ |
| | | 13,500/- | ശ്രീ. എ. ഷെമി, പഞ്ചായത്ത് മെമ്പർ |
| | | 13,500/- | ശ്രീ. എ. നൗഷാദ്, പഞ്ചായത്ത് മെമ്പർ |
| | | 13,500/- | ശ്രീമതി. എ. ജമീലാബീവി, പഞ്ചായത്ത് മെമ്പർ |
| ആകെ | | 5,50,262/- | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 19,59,696/- | അനിൽ കുമാർ. എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-22 | 11,25,000/- | റജിമോൻ. എം, സെക്രട്ടറി |
| 1-31 | 3,15,000/- | ഡോ. സിനി, ആർ, മെഡിക്കൽ ഓഫീസർ |
| ആകെ | 33,99,696/- | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | തുക (₹) |
|---|---|
| 1-7-1 | 65,400/- |

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല.

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അനിൽ കുമാർ. എസ്, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, ഇട്ടിവ ഗ്രാമ പഞ്ചായത്ത് | ശ്രീനികേതൻ, കോട്ടപ്പുറം, കടയ്ക്കൽ |
| റജിമോൻ. എം, സെക്രട്ടറി | സെക്രട്ടറി, പട്ടാഴി വടക്കേക്കര ഗ്രാമ പഞ്ചായത്ത് | തട്ടാരഴികത്ത്, പുത്തൂർ പി.ഒ. |
| അജി. കെ, അസിസ്റ്റന്റ് | അസിസ്റ്റന്റ് എഞ്ചിനീയർ, | ചരുവിള വീട്, തഴമേൽ പി.ഒ, |

| | | |
|---|---|---|
| എഞ്ചിനീയർ | ഇട്ടിവ ഗ്രാമ പഞ്ചായത്ത് | അഞ്ചൽ |
| ഡോ. സിനി, ആർ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പി.എച്ച് സി, ഇട്ടിവ ഗ്രാമ പഞ്ചായത്ത് | വസന്തവിഹാർ, ചേന്നൻകോട്, വടക്കേരിക്കോണം പി. ഒ. |
| ശ്രീമതി. സുമി. ഐ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, ഇട്ടിവ ഗ്രാമ പഞ്ചായത്ത് | നവോദയം, അയിരക്കുഴി പി.ഒ, ചിതറ |
| ശ്രീമതി. സൂസമ്മ വർഗ്ഗീസ്, | മെമ്പർ, ഇട്ടിവ ഗ്രാമ പഞ്ചായത്ത് | നടുവിലോട്ട് വീട്, മലപ്പേരൂർ, മഞ്ഞപ്പാറ പി.ഒ. |
| അഡ്വ. വി.റ്റി. സിബി | മെമ്പർ, ഇട്ടിവ ഗ്രാമ പഞ്ചായത്ത് | സജിഭവനം, മഞ്ഞപ്പാറ പി.ഒ. |
| ശ്രീമതി. എസ്. ബേബി ഷീല | മെമ്പർ, ഇട്ടിവ ഗ്രാമ പഞ്ചായത്ത് | കാവിലഴികത്ത് വീട്, കോട്ടുക്കൽ പി.ഒ. |
| ശ്രീ. ദീപു. വി.എസ്. | മെമ്പർ, ഇട്ടിവ ഗ്രാമ പഞ്ചായത്ത് | ശ്യാമള മന്ദിരം, ആലംകോട്, കോട്ടുക്കൽ പി.ഒ. |
| ശ്രീ. ബൈജു. എസ്. | മെമ്പർ, ഇട്ടിവ ഗ്രാമ പഞ്ചായത്ത് | മുല്ലശ്ശേരി പുത്തൻവീട്, നെടുപച്ച കോട്ടുക്കൽ പി.ഒ. |
| ശ്രീ. അശോക് കുമാർ. പി | മെമ്പർ, ഇട്ടിവ ഗ്രാമ പഞ്ചായത്ത് | ആദർശ് നിവാസ്, വയല പി.ഒ, പടിഞ്ഞാറെ വയല |
| ശ്രീമതി. കലാ ജയരാജ് | മെമ്പർ, ഇട്ടിവ ഗ്രാമ പഞ്ചായത്ത് | ജയ വിലാസം, വയല പി.ഒ, അഞ്ചൽ |
| അഡ്വ. വയലാ ശശി | മെമ്പർ, ഇട്ടിവ ഗ്രാമ പഞ്ചായത്ത് | ദ്വാരക, വയല പി.ഒ, അഞ്ചൽ |
| ശ്രീ. ബി. മുരളീധരൻ പിള്ള | മെമ്പർ, ഇട്ടിവ ഗ്രാമ പഞ്ചായത്ത് | മുട്ടുവിള വീട്, വെളുന്തറ, മണ്ണൂർ പി.ഒ. |
| ശ്രീ. സാമുവേൽ കൊച്ചുകുഞ്ഞ് | മെമ്പർ, ഇട്ടിവ ഗ്രാമ പഞ്ചായത്ത് | വടക്കതിൽ വീട്, മണ്ണൂർ പി.ഒ, ചണ്ണപ്പേട്ട |
| ശ്രീ. ജി. ദിനേശ് കുമാർ | മെമ്പർ, ഇട്ടിവ ഗ്രാമ പഞ്ചായത്ത് | പത്മവിലാസം, വെളുന്തറ, ചരിപ്പറമ്പ് പി.ഒ. |
| ശ്രീമതി. ദീപ ജോയി | മെമ്പർ, ഇട്ടിവ ഗ്രാമ പഞ്ചായത്ത് | ലാല്യ വിലാസം, തുടയന്നൂർ പി.ഒ, കടയ്ക്കൽ |
| ശ്രീ. ബാബു. ജി. | മെമ്പർ, ഇട്ടിവ ഗ്രാമ പഞ്ചായത്ത് | സബിത ഹൗസ്, പാലൂർ, ചാണപ്പാറ പി.ഒ. |
| ശ്രീമതി. വി. ഷീബ | മെമ്പർ, ഇട്ടിവ ഗ്രാമ പഞ്ചായത്ത് | അമ്പാടിയിൽ വീട്, ചരിപ്പറമ്പ് പി.ഒ, കടയ്ക്കൽ |
| ശ്രീമതി. ഷാഹിനാ ഇബ്രാഹിം | മെമ്പർ, ഇട്ടിവ ഗ്രാമ പഞ്ചായത്ത് | മുണ്ടപ്പള്ളി, ചെറുകുളം പി.ഒ, ചൂണ്ട |
| ശ്രീമതി. എസ്. ആർ. ബിന്ദു | മെമ്പർ, ഇട്ടിവ ഗ്രാമ പഞ്ചായത്ത് | ഇന്ദിര സദനം, വയ്യാനം പി.ഒ, വയ്യാനം |
| ശ്രീമതി. ഷാനിമോൾ. എ. | മെമ്പർ, ഇട്ടിവ ഗ്രാമ പഞ്ചായത്ത് | ഷെമീർ മൻസിൽ, കീഴ്തോണി, ഇളമ്പഴന്നൂർ പി.ഒ, ചടയമംഗലം |
| ശ്രീ. എ. ഷെമി | മെമ്പർ, ഇട്ടിവ ഗ്രാമ പഞ്ചായത്ത് | സുഹറ മൻസിൽ, ഏഴിയം പി.ഒ, അഞ്ചൽ |
| | | |

| | | |
|---|---|---|
| ശ്രീ. എ. നൗഷാദ് | മെമ്പർ, ഇട്ടിവ ഗ്രാമ പഞ്ചായത്ത് | ഏഴിയത്തു മേലതിൽ വീട്, ഏഴിയം പി.ഒ, അഞ്ചൽ |
| ശ്രീമതി. എ. ജമീലാബീവി | മെമ്പർ, ഇട്ടിവ ഗ്രാമ പഞ്ചായത്ത് | നജ്മാ മൻസിൽ, മഞ്ഞപ്പാറ പി.ഒ. |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | കെ.എസ്.എ/കെ.എൽ.എം-പി-3 427/08(1)/02-03-2018 |
| 1998-99 | കെ.എസ്.എ/കെ.എൽ.എം-പി-3 *427/*08(2)/02-03-2018 |
| 1999-00<br>2000-01<br>2001-02 | കെ.എസ്.എ/കെ.എൽ.എം-പി-3 *427/*08(3)/02-03-2018 |
| 2002-03 | കെ.എസ്.എ/കെ.എൽ.എം-പി-3 *427/*08(4)/02-03-2018 |
| 2003-04 | കെ.എസ്.എ/കെ.എൽ.എം-പി-3 *427/*08(5)/02-03-2018 |
| 2004-05 | കെ.എസ്.എ/കെ.എൽ.എം-പി-3 *427/*08(6)/02-03-2018 |
| 2005-06 | കെ.എസ്.എ/കെ.എൽ.എം-പി-3 *427/0*8(7)/02-03-2018 |
| 2006-07 | എൽ.എഫ്.ക്യൂപി-4/661/2010/29-12-2011 |
| 2007-08 | എൽ.എഫ്.ക്യൂപി-4/662/2010/29-12-2011 |
| 2008-09 | എൽ.എഫ്.ക്യൂപി-4/1405/2012/22-12-11 |
| 2009-10 &<br>2010-11 | എൽ.എഫ്.ക്യൂപി-4/1358/2012/13-08-13 |
| 2011-12 | എൽ.എഫ്.ക്യൂപി-4/539/14/05-05-14 |
| 2012-13 &<br>2013-14 | എൽ.എഫ്.ക്യൂപി-4/1447/15/16-09-2015 |
| 2014-15 | കെ.എസ്.എ/കെ.എൽ.എം-പി-4/991/2016/09-06-2016 |
| 2015-16 | കെ.എസ്.എ/കെ.എൽ.എം-പി-4/335/2017/15-02-2017 |
| 2016-17 | കെ.എസ്.എ/കെ.എൽ.എം-പി-3/1121/2017/07-07-2017 |
| 2017-18 | കെ.എസ്.എ/കെ.എൽ.എം-പി-3/*1390/2018/12-09-2018* |
| 2018-19 | കെ.എസ്.എ/കെ.എൽ.എം-പി-3 *-1313/19/1.11.19* |
| 2019-20 | കെ.എസ്.എ/കെ.എൽ.എം-പി-3 /1140/21 / 10-03-2022 |

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.**

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**<u>അനുബന്ധം</u>**

**<u>അനുബന്ധപത്രികകൾ</u>**

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.**